# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരുമേലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം.പി.11/1762/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 08/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുമേലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെറ്റിഎം.പി.11/1762/2023 തീയ്യതി: 08/12/2023

## കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-10-2023 | 13-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-10-2023 | 13-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലേഖ വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ഡാനിമോൾ കെ ജെ, ഓഡിറ്റ് ഓഫീസർ
ശ്രീ. ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. രഞ്ജിത്ത് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി തങ്കമ്മ ജോർജ്കുട്ടി | പ്രസിഡന്റ് | 01-04-2022 | 28-03-2023 |
| ശ്രീമതി മറിയാമ്മ ജോസഫ് | പ്രസിഡന്റ് | 29-03-2023 | 31-03-2023 |
| ശ്രീമതി രേണുകാദേവി അമ്മാൾ | സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീ ബെന്നി ടി | സെക്രട്ടറി | 19-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷാജി പി എം | അസി.സെക്രട്ടറി | 01-04-2022 | 18-10-2022 |
| ബിന്ദു എസ് | അസി.സെക്രട്ടറി | 19-10-2022 | 18-12-2022 |
| വിൻസ്റ്റൺ ഡിസൂസ | അസി.സെക്രട്ടറി | 19-12-2022 | 31-03-2023 |
| റെജി മാത്യു | കൃഷി ഓഫീസർ ഇൻ ചാർജ് | 01-04-2022 | 31-03-2023 |
| ഡോ. സുബിൻ എം എസ് | വെറ്ററിനറി സർജൻ | 01-04-2022 | 02-10-2022 |
| ഡോ.ദിപു ഡി | വെറ്ററിനറി സർജൻ | 03-10-2022 | 16-01-2023 |
| ഡോ. അലക്സ് എബ്രാഹം | വെറ്ററിനറി സർജൻ | 17-01-2023 | 31-03-2023 |
| ഡോ. സീന എം | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2022 | 22-06-2022 |
| ഡോ. മുഹമ്മദ് ജിജി | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 23-06-2022 | 31-03-2023 |
| ഡോ. രഞ്ജിത്ത് | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. ബേനസീർ കെ യു | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2022 | 31-03-2023 |
| സീത എസ് | വി ഇ ഒ, മുട്ടപ്പള്ളി സർക്കിൾ | 06-08-2022 | 31-03-2023 |
| അജേഷ് വി | വി ഇ ഒ, എരുമേലി സർക്കിൾ | 01-04-2022 | 31-03-2023 |
| സന്തോഷ്കുമാർ കെ ദേവ് | വി ഇ ഒ, ചേനപ്പാടി സർക്കിൾ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| അഖിൽ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 01-04-2022 | 12-09-2022 |
| രശ്മി എസ് കുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 13-09-2022 | 18-10-2022 |
| ബെന്നി തോമസ് | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 19-10-2022 | 02-11-2022 |
| നവമി എം | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 03-11-2022 | 16-12-2022 |
| അന്നമ്മ ജോൺ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 17-12-2022 | 03-01-2023 |
| നവമി എം | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 04-01-2023 | 31-03-2023 |
| ഷീല പി ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ജിസ ജോസഫ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ദേവി ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| സിസ്സൻ തോമസ് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തിരജിസ്റ്റർ പൂർണ്ണമല്ല | 1-1-1 |
| 3 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-3 |
| 5 | ഭവനനിർമ്മാണം - പ്രീപെയ്ഡ് എക്സ്പെൻസസ് കൃത്യമല്ല | 1-1-4 |
| 6 | വരവിനങ്ങളുടെ ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല. | 1-1-5 |
| 7 | മുൻവർഷങ്ങളിലെ അക്കൗണ്ടിംഗ് ക്രമീകരണങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല. | 1-1-6 |
| 8 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല | 1-1-8 |
| 10 | അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല | 1-1-9 |
| 11 | മറ്റു ബാധ്യതകൾ - വിശദാംശങ്ങൾ ലഭ്യമല്ല. | 1-1-10 |
| 12 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5-1 |
| 17 | ഗ്രാമസഭ - നടപടി ക്രമങ്ങൾ പാലിക്കുന്നില്ല | 1-5-2 |
| 18 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-11 |
| 24 | വസ്തുനികുതി നിർണ്ണയം - തറനിർമ്മിതി കണക്കിലെടുത്തില്ല | 1-12 |
| 25 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെയും വ്യത്യസ്ത വഴി സൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-13 |
| 26 | വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി | 1-14 |
| 27 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി | 1-15 |

| | | |
|---|---|---|
| | നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | |
| 28 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 29 | റവന്യൂ കുടിശിക പിരിച്ചെടുക്കുന്നതിൽ കാലതാമസം | 1-17 |
| 30 | വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു | 1-18 |
| 31 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-19 |
| 32 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-20 |
| 33 | ബസ്സ്റ്റാന്റ് ലേലം | 1-21 |
| 34 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-22 |
| 35 | ലൈബ്രറി സെസ്സ് അടവാക്കിയില്ല | 1-23 |
| 36 | വണ്ടിത്താവളങ്ങൾ ലൈസൻസില്ലാതെയും അമിത പാർക്കിങ് ഫീ ഈടാക്കിയും പ്രവർത്തിക്കുന്നു | 1-24 |
| 37 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-25 |
| 38 | ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത തുക പഞ്ചായത്തിൽ ഒടുക്കിയില്ല | 1-26 |
| 39 | നിക്ഷേപങ്ങൾ മുതൽ കൂട്ടുന്നില്ല | 1-27 |
| 40 | രജിസ്റ്ററുകളുടെ പരിപാലനത്തിൽ അപാകത | 1-28 |
| 41 | ഓണം അഡ്വാൻസ് നൽകിയത് -പൂർണ്ണമായും തിരികെ ഈടാക്കിയിട്ടില്ല. | 1-29 |
| 42 | വാട്ടർ ചാർജ് ഇനത്തിൽ ഭീമമായ തുക അടവാക്കുന്നു. | 1-30 |
| 43 | വയോജനക്ഷേമം - മെഡിക്കൽ ക്യാമ്പ് നടത്താതെ മരുന്ന് വാങ്ങി | 1-31 |
| 44 | മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായില്ല | 1-32 |
| 45 | കന്നുകുട്ടി പരിപാലനം പദ്ധതിയിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-33 |
| 46 | ലൈഫ് മിഷൻ - മുൻകൂറായി തുക കൈപ്പറ്റിയെങ്കിലും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല | 1-34 |
| 47 | PMAY ഭവനനിർമ്മാണ പദ്ധതി – വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-35 |
| 48 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല | 1-36 |
| 49 | രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല | 1-37 |
| 50 | ചെലവ് വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. | 1-38 |
| 51 | മാലിന്യസംസ്കരണം - തരംതിരിക്കാത്ത മാലിന്യം നീക്കം ചെയ്യൽ - നിർവഹണത്തിലെ അപാകതകൾ | 1-39 |
| 52 | തുല്യതാപരീക്ഷ – സാക്ഷരതാമിഷന് ഫീസ് അടവാക്കൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-40 |
| 53 | ചേനപ്പാടി മാവേലിസ്റ്റോർ- അടിസ്ഥാനസൗകര്യമൊരുക്കൽ | 1-41 |
| 54 | ഏജൻസികൾക്ക് തുക കൈമാറിയത് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-42 |
| 55 | ലൈഫ് ഗാർഡുകൾക്ക് വേതനം നൽകൽ - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-43 |
| 56 | ടെണ്ടർ നടപടികൾ-അപാകത | 1-44 |

| | | |
|---|---|---|
| 57 | മരാമത്ത് പ്രവൃത്തികളിൽ നിന്നും കിഴിവ് ചെയ്ത നികുതികൾ ബന്ധപ്പെട്ട വകുപ്പുകളിൽ അടക്കുന്നില്ല | 1-45 |
| 58 | കവുങ്ങുംകുഴി പ്ലാന്റിലെ എൽ.പി.ജി.ശ്മശാനം നാളിതുവരെ ജനങ്ങൾക്ക് ഉപയോഗപ്രദമായില്ല | 1-46 |
| 59 | കൊടിത്തോട്ടം പ്ലാൻ്റിൽ ഇൻസിനറേറ്റർ നിർമ്മാണം പണികൾ പൂർത്തീകരിച്ചിട്ടും പ്രവർത്തന രഹിതം | 1-47 |
| 60 | അധിക വിഭവ സമാഹരണം - അവലോകനം | 1-48 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. എരുമേലി ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21/07/2023 തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 25/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എരുമേലി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

#### 1-1-1 ആസ്തിരജിസ്റ്റർ പൂർണ്ണമല്ല

സ.ഉ.(എം.എസ്)152/2011/തസ്വഭവ/26.07.2011ലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. കൂടാതെ, പഞ്ചായത്ത് ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുമില്ല. പഞ്ചായത്ത് ആർജ്ജിച്ച ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ലാത്തതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2023-ലെ പഞ്ചായത്ത് ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി

വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-2 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(Opening Balance Receipt Payment-OBRP Data) സൂക്ഷിച്ചിട്ടില്ല.

1-1-3 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന അനുപാതങ്ങൾ, നോട്സ് ഓൺ അക്കൗണ്ട് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല. ആയതിനാൽ ഇതിന്റെ അടിസ്ഥാനത്തിലുള്ള വിശകലനം സാധ്യമായിട്ടില്ല.

1-1-4 ഭവനനിർമ്മാണം - പ്രീപെയ്ഡ് എക്സ്പെൻസസ് കൃത്യമല്ല

ബി-5 ഷെഡ്യൂളിലെ സെക്യൂർഡ് ലോൺ - 11057718 രൂപ, ബി-16 ഷെഡ്യൂളിലെ പ്രീപെയ്ഡ് എക്സ്പെൻസസ് - 6417718രൂപ എന്നിവ പൊരുത്തപ്പെടുന്നില്ല. കെ.യു.ആർ.ഡി.എഫ്.സി വായ്പയിൽനിന്ന് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് നൽകുന്ന തുകകൾ യഥാസമയം പ്രീപെയ്ഡ് എക്സ്പെൻസസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്താത്തതുമൂലമാണ് ഇപ്രകാരം സംഭവിച്ചത്. ബാലൻസ് ഷീറ്റിന്റെ കൃത്യത ഉറപ്പുവരുത്താൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-5 വരവിനങ്ങളുടെ ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല.

വരവിനങ്ങളുടെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വാടക, തൊഴിൽനികുതി തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. എല്ലാ വരവിനങ്ങളുടെയും ഡി.സി.ബി തയ്യാറാക്കി ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

1-1-6 മുൻവർഷങ്ങളിലെ അക്കൗണ്ടിംഗ് ക്രമീകരണങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല.

അടിസ്ഥാന രേഖകളുടെ അഭാവത്തിൽ I-18 ഷെഡ്യൂൾ പ്രകാരമുള്ള പ്രയർ പീരിയഡ് ക്രമീകരണങ്ങളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

1-1-7 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിന് ലഭ്യമാകാനുള്ള കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-8 ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല

ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. ആയതിനാൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതിന്റെ കൃത്യത ഉറപ്പാക്കാനാവുന്നില്ല. കാലഹരണപ്പെട്ട വാടക നിക്ഷേപം ഒഴികെയുള്ള നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമാക്കേണ്ടതും ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-1-9 അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. 31.3.2022ലെ മുന്നിരിപ്പ് ഉൾപ്പെടെ അഡ്വാൻസ് രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമാക്കേണ്ടതാണ്.

1-1-10 മറ്റു ബാധ്യതകൾ - വിശദാംശങ്ങൾ ലഭ്യമല്ല.

അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന സർക്കാർ/മറ്റു

സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ളത് ഉൾപ്പെടെയുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

### 1-1-11 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 14/03/2023 തീയതിയിലെ 17/1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. പ്രതീക്ഷിത ബജറ്റ് പ്രകാരമുള്ള വരവുചെലവു കണക്കുകളും പുതുക്കിയ ബജറ്റ് പ്രകാരമുള്ള കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യാഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 38,98,919 | 5,70,331 |
| വരവ് | 35,41,12,056 | 35,48,03,456 |
| ആകെ | 35,80,10,975 | 35,53,73,787 |
| ചെലവ് | 34,64,02.835 | 34,79,78,950 |
| നീക്കിയിരിപ്പ് | 1,16,08,140 | 73,94,837 |

ബജറ്റ് പ്രകാരം 35.80 കോടി രൂപയുടെ പ്രതീക്ഷിത വരവും 34.64 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 22.98 കോടി രൂപയും ചെലവ് 22.33 കോടി രൂപയുമാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. മുന്നിരിപ്പ് - നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയതും വലിയ അന്തരത്തിലാണെന്ന് കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 2,64,80,574 |
| ഓഡിറ്റ് വർഷത്തെ വരവ് | 10,93,11,889 |
| ആകെ | 13,57,92,463 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,55,87,451 |
| നീക്കിയിരിപ്പ് | 5,02,05,012 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാ രം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 22,97,93,441 |
| ആകെ ചെലവ് | 22,33,13,593 |
| വരുമാനമിച്ചം | 64,79,848 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | -(1,93,275) |
| അറ്റ പ്രവർത്തന ലാഭം | 66,73,123 |

ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 49,18,298/- |

## 1-4 ഗ്രാന്റ് വിനിയോഗം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം രേഖപ്പെടുത്തുന്നതിന് രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ധനകാര്യ പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 39857000 | 39857000 | 29217396 | 10639604 | 73.30 |
| വികസന ഫണ്ട്-SCSP | 0 | 17162000 | 17162000 | 13653790 | 3508210 | 79.55 |
| വികസന ഫണ്ട്- TSP | 0 | 3187000 | 3187000 | 2506250 | 680750 | 78.63 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 783652 (ക്യാഷ് ബുക്ക് പ്രകാരം) | 8308139 | 9091791 | 5978432 | 3113359 | 65.76 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 6566807 (ക്യാഷ് ബുക്ക് പ്രകാരം) | 13678180 | 20244987 | 1407255 | 18837732 | 6.95 |
| മെയിന്റനൻസ് | 0 | 19281000 | 19281000 | 3630348 | 15650652 | 18.82 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്- Road | | | | | | |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 10274000 | 10274000 | 4662182 | 5611818 | 45.38 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 1070377 | 0 | 1070377 | 0 | 1070377 | - |
| SSA ഫണ്ട് | 28485 | 0 | 28485 | 0 | 28485 | - |
| ICDS ഫണ്ട് | 1661544 | 1938150 | 3599694 | 0 | 3599694 | - |
| ശബരിമല ഗ്രാന്റ് | 5956332 | 5270000 | 11226332 | 4807186 | 6419146 | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 235900 | 0 | 235900 | 20 | 235880 | - |
| നിർമ്മൽ പുരസ്കാരം | 245020 | 0 | 245020 | 0 | 245020 | - |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം, നികുതി പിരിവിലെ അനാസ്ഥ മൂലം കുറവ് ചെയ്ത തുക (1%) എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 6879625/- രൂപ 23/06/2022 ലെ G.O.(Rt) No.4585/2022/Fin ഉത്തരവ് പ്രകാരം ക്യാരിഓവർ വിഹിതമായി തൻവർഷം ലഭിച്ചിട്ടുണ്ട്. സ്രോതസ്സിൽ കുറവ് ചെയ്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| പ്രോജക്റ്റ് നം./ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 390/23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 686200 | വികസനഫണ്ട് – പൊതുവിഭാഗം |
| 394/23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 686200 | |
| 415/23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 686200 | |
| 416/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( ജനറൽ ) | 660540 | |
| 419/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( ജനറൽ ) | 678921 | |
| 391/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( ജനറൽ ) | 1339460 | |
| മറ്റുള്ളവ | 398570 | |
| ആകെ | 5136091 | |

| | | |
|---|---|---|
| 392/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( എസ്.സി.പി. ) | 987071 | വികസനഫണ്ട് – എസ്.സി.പി. |
| 421/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( എസ്.സി.പി. ) | 987072 | |
| ആകെ | 1974143 | |
| 393/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( ടി.എസ്.പി.) | 127340 | വികസനഫണ്ട് – ടി.എസ്.പി. |
| 420/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( ടി.എസ്.പി.) | 127340 | |
| ആകെ | 254680 | |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യുതിലെയും ഫണ്ടിന്റെ വിനിമയത്തിലെയും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സംബന്ധിച്ച് വാർഷിക കണക്കുകൾ, ചെലവ് പത്രിക എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടതുമായ അപാകതകൾ താഴെ വിവരിക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 513609/- രൂപ, 1974143/- രൂപ, 254680/- രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. 2022-23 വർഷം ഡിമാൻഡ് ചെയ്ത തനത് നികുതിയുടെ 90% ൽ കുറവ് കളക്ഷൻ വന്നതിനാൽ സ.ഉ.(കൈ) നം.179/2022/ധന തീയതി:18/10/2022 ഉത്തരവ് പ്രകാരം വികസന ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുകയായ 398570/- രൂപ ചെലവ് പത്രിക, ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവയിൽ പ്രതിഫലിക്കുന്നില്ല. .
3. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
4. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, കോൺട്രിബ്യൂഷനുകൾ, ഗുണഭോക്തൃ വിഹിതം തുടങ്ങിയവയുടെ മുന്നിരിപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ ഉദ്ദേശ്യം, പ്രോജക്ട്, ലഭിച്ച കാലയളവ്, ലഭ്യമാക്കിയ ഏജൻസി തുടങ്ങിയ വിവരങ്ങൾ ഒന്നും ലഭ്യമല്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ എ. സി . ആർ ഇടപാടുകൾ നടക്കുന്ന സമയത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
5. ശബരിമല ഗ്രാന്റ് ചെലവ് സംസ്ഥാനാവിഷ്കൃത വിഹിതമായി ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. ആയതിനാൽ ധനകാര്യ പത്രിക പ്രകാരമുള്ള 4807186/- രൂപ ചെലവ് തുകയുടെ കൃത്യതയും ആധികാരികതയും വ്യക്തമല്ല.
6. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – കണക്കുകളിൽ അവ്യക്തത

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2022-23 വർഷത്തെ ബജറ്റ് അലോട്ട്മെന്റ് (Tied 88.06 ലക്ഷം രൂപ, Untied 58.71 ലക്ഷം രൂപ) പഞ്ചായത്തിന്റെ ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലും (ഫെഡറൽ ബാങ്ക് എരുമേലി ശാഖ, അക്കൗണ്ട് നം. 11400100198166) മുൻവർഷത്തെ ക്യാരിഓവർ വിഹിതം ട്രഷറിയിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്.

1. ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied ഫണ്ടിൽ ഉൾപ്പെടുന്ന 2022-23 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 4,29,694/- രൂപ അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ എ.സി.ആറിലും ഗ്രാന്റ് പത്രികയിലും അലോട്ട്മെന്റിൽ ടി തുകയുടെ അലോട്ട്മെന്റ് കുറവായി പ്രതിഫലിക്കുന്നു.

2. അലോട്ട്മെന്റായി ബാങ്ക് അക്കൗണ്ടിൽ ലഭിച്ച തുകയും RP-30 ഷെഡ്യൂളിൽ വരവായി അക്കൗണ്ട് ചെയ്ത തുകയും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

3. ധനകാര്യകമ്മീഷൻ ഗ്രാന്റ് മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ ക്യാഷ് ബുക്ക് പ്രകാരം 31.03.22ൽ ബാലൻസ് നിൽക്കുന്ന തുക 01.04.22ലെ മുന്നിരിപ്പ് തുകയായി ചേർത്താണ് ഗ്രാന്റ് വിനിയോഗം തയ്യാറാക്കിയത്.

4. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ ബാങ്ക് പാസ്സ് ബുക്ക്, റസീപ്റ്റ് ആൻഡ് പേയ്മെന്റ് പത്രിക, ട്രയൽ ബാലൻസ് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

5. പഞ്ചായത്തിൽ ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രിക അപൂർണ്ണമാണ്.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, കോൺട്രിബ്യൂഷനുകൾ എന്നിവയുടെ 2022-23 എ.സി.ആർ. തയ്യാറാക്കി മുന്നിരിപ്പിന്റെ എല്ലാ വിശദാംശങ്ങളും (ലഭിച്ച കാലയളവ്, ഉദ്ദേശ്യം, പ്രോജക്ട്, ലഭ്യമാക്കിയ സർക്കാർ അതോറിറ്റി) സാക്ഷ്യപ്പെടുത്തി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അപാകതകളും കണക്കുകൾ സാധൂകരിക്കുന്ന രേഖകളുടെ അഭാവവും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകുന്നത് എന്നത് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-5-1 പദ്ധതി അവലോകനം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 06-03-2023 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാർഷിക പദ്ധതി രൂപീകരണം | 18.5.22-27.5.22 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 12.5.22 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 31.7.22-5.8.22 |
| വികസന സെമിനാർ | 8.6.22 |
| ഊരുകൂട്ടം | 26.9.22 |
| ഭിന്നശേഷി ഗ്രാമസഭ | 25.5.22 |
| പ്രൊക്യൂർമെന്റ് കമ്മിറ്റി | 21.12.22 |

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണോദ്യോഗസ്ഥൻ | നിർവ്വഹണത്തിന് നൽകിയ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 1598635 | 1120530 | 70 |
| വെറ്ററിനറി സർജൻ | 10 | 10 | 12847000 | 6820282 | 53 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 8 | 6 | 3205281 | 1620118 | 50.5 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 2 | 600000 | 600000 | 100 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 7 | 7 | 1485000 | 1438830 | 96.8 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 1174200 | 195124 | 16.6 |
| വി.ഇ.ഒ | 30 | 23 | 329678803 | 50257013 | 15.24 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21 | 17 | 12275254 | 7654309 | 62.35 |
| സെക്രട്ടറി | 76 | 47 | 46180421 | 16177140 | 35 |
| അസി.എഞ്ചിനീയർ | 142 | 27 | 57920756 | 10972823 | 18.94 |
| ഹെഡ്മാസ്റ്റർ | 2 | 2 | 1000747 | 532820 | 53.24 |
| ഡയറി ഫാം ഇൻസ്പക്ടർ | 1 | 1 | 1850000 | 1450000 | 78.3 |
| അസി.സെക്രട്ടറി | 8 | 6 | 2832720 | 2314675 | 81.71 |
| ആകെ | 319 | 159 | 472648817 | 101153664 | 21.4 |

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 13 നിർവ്വഹണോദ്യോഗസ്ഥരാണ്. 472648817/- രൂപ അടങ്കൽ നിശ്ചയിച്ച വാർഷിക പദ്ധതിയിലുൾപ്പെടുത്തി തൻവർഷം 101153664 രൂപയാണ് തൻവർഷം ചെലവഴിക്കാനായത്. വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുകയിൽ 21.4 % മാത്രമാണ് തൻവർഷം ചെലവഴിച്ചത്. അസി.എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 142 പ്രോജക്ടുകളിൽ 27 എണ്ണം മാത്രമാണ് പൂർത്തിയാക്കി ബില്ല് മാറിയത്. അസി.എഞ്ചിനീയർക്ക് 18.94% തുക മാത്രമാണ് ചെലവഴിക്കാനായത്. ഗ്രാമപഞ്ചായത്തിലെ ഒരു വാർഡിൽ ഉപതിരഞ്ഞെടുപ്പ് വന്നതിനാൽ ഇലക്ഷൻ പെരുമാറ്റചട്ടം നിലവിൽ ഉള്ളതിനാൽ മരാമത്ത് പ്രവൃത്തികൾ നടത്താൻ സാധിക്കാതെ വന്നതിനാലുമാണ്, മാർച്ച് അവസാനവാരത്തോടെ മഴ വന്നതിനാലും പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കാതെ വന്നത് .

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഭാഗത്തിൽ നിന്നും 18.82% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചത് എന്ന വിഷയം പ്രത്യേകം പ്രസ്താവ്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനായി സർക്കാർ ലഭ്യമാക്കുന്ന ഗ്രാന്റ് തുകകൾ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ചെലവഴിക്കാൻ വേണ്ട നടപടികൾ പദ്ധതി നിർവ്വഹണാരംഭത്തിൽ തന്നെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും ശ്രദ്ധിക്കേണ്ടതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാക്കുന്നുണ്ടെന്ന് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 4കോടി 25 ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

അസി.എഞ്ചിനീയർക്ക് പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 142 പ്രോജക്ടുകളിൽ 27 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ കാര്യത്തിൽ സമയക്ലിപ്തത പാലിക്കാതിരുന്നതിനാലും 42535273/- രൂപയുടെ പദ്ധതിത്തുക ചെലവഴിക്കാനാകാതെ സ്ഥാപനത്തിന് നഷ്ടമാവുകയാണുണ്ടായത്. ഇപ്രകാരം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട്(ജനറൽ) | 10639604 |
| വികസനഫണ്ട്(എസ്.സി.എസ്.പി) | 3508210 |

| | |
|---|---|
| വികസനഫണ്ട്(ടി.എസ്.പി) | 680750 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 15650652 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 5611818 |
| സിഎഫ് സി ഗ്രാന്റ് | 6444239 |
| ആകെ | 42535273 |

ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായും ഫലപ്രദമായും പൂർത്തീകരിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. വരും വർഷങ്ങളിൽ സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിൽ പുരോഗതി ഉണ്ടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ നിലവിലെ അവസ്ഥയും പതിനാലാം പഞ്ചവത്സരക്കാലയളവിൽ കൈവരിക്കാവുന്ന വികസന ലക്ഷ്യങ്ങൾ സംബന്ധിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ വേണ്ട നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

1-5-2 ഗ്രാമസഭ - നടപടി ക്രമങ്ങൾ പാലിക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1995-ലെ കേരള പഞ്ചായത്ത് രാജ് (ഗ്രാമസഭയുടെ യോഗം വിളിച്ചു കൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ കൃത്യമായി പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭകൾ യോഗം ചേരുന്നതെന്ന് ഗ്രാമസഭ മിനറ്റ്സ് രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3(3)പ്രകാരം കുറഞ്ഞപക്ഷം മൂന്നുമാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭ മിനിറ്റ്സുകൾ ഓഡിറ്റ് വേളയിൽ പരിശോധിച്ചതിൽ 5/23 മാസത്തിൽ നടത്തിയ ഗ്രാമസഭകളുടെ വിവരങ്ങളാണ് ഏറ്റവും അവസാനമായി രേഖപ്പെടുത്തിയിട്ടുള്ളതെന്ന് കണ്ടു. ആയതിനാൽ ടി ഗ്രാമസഭകൾക്കുശേഷം ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ടോയെന്ന് വ്യക്തമല്ല. 23-ാം വാർഡിലെ ഗ്രാമസഭ മിനിറ്റ്സ് പരിശോധിച്ചതിൽ 25.09.2022ലെ ഗ്രാമസഭയ്ക്ക് ശേഷം 28.05.2023ൽ ഗ്രാമസഭ ചേർന്നതായിട്ടാണ് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 25.09.2022ലെ മിനിറ്റ്സ് രേഖപ്പെടുത്തിയതിന് ശേഷം മിനിറ്റ്സ് ബുക്കിലെ 129 മുതൽ 134 വരെയുള്ള പേജുകളിൽ ഗുണഭോക്താക്കളുടേതായി പേരുകൾ രേഖപ്പെടുത്തി ഒപ്പിട്ടുണ്ടെങ്കിലും തീയതി സഹിതം മിനിറ്റ്സ് രേഖപ്പെടുത്തിയതായി കാണുന്നില്ല. 135 മുതൽ 138 വരെയുള്ള പേജുകൾ ശൂന്യമായി കാണപ്പെട്ടു. ഗ്രാമസഭ/ഊരുകൂട്ട യോഗത്തിന്റെ തീരുമാനങ്ങൾ അപ്പോൾതന്നെ എഴുതി തയ്യാറാക്കി ഗ്രാമസഭ/ഊരുകൂട്ട അധ്യക്ഷൻ, കൺവീനർ, ഉദ്യോഗസ്ഥർ, ഗ്രാമസഭ/ഊരുകൂട്ട യോഗത്തിൽ പങ്കെടുത്ത 15 പേർ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏൽപ്പിക്കേണ്ട ചുമതല ഗ്രാമസഭ/ഊരുകൂട്ടം കോ-ഓർഡിനേറ്ററുടേതാണെന്ന് സ.ഉ(കൈ) നമ്പർ 84/2022/തസ്വഭവ തീയതി 19.4.2022 ഖണ്ഡിക 3.2.3(6) പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത നടപടിക്രമങ്ങൾ കൃത്യമായും സമയബന്ധിതമായും പാലിക്കുന്നില്ലെന്ന് ഓഡിറ്റിൽ ബോധ്യപ്പെട്ടു.

പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ള പൊതുജനത്തിന്റെ അഭിപ്രായം സ്വീകരിക്കുന്നതിന് വകുപ്പിന്റെ വെബ്സൈറ്റിൽ ഗ്രാമസഭാ വിൻഡോ സൗകര്യം ലഭ്യമാക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തതായി കാണുന്നില്ല. സാമൂഹ്യ സാമ്പത്തിക മേഖലകളുടെ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സാമ്പത്തികസഹായം നൽകുന്നതിന് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്ന അവസരത്തിൽ മിനറ്റ്സ് ബുക്കിൽ ഗുണഭോക്തൃലിസ്റ്റുകളുടെ താഴെ വരികൾ ശൂന്യമായി ഇടുന്ന പ്രവണത ക്രമവിരുദ്ധമാണ്. സാമൂഹ്യസുരക്ഷ പെൻഷൻ അനുവദിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ ഗ്രാമസഭയിൽ പ്രസിദ്ധപ്പെടുത്തുന്നില്ല. ഗ്രാമപഞ്ചായത്തിന് ഒന്നാകെ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിനു പകരം വാർഡുകൾ തിരിച്ച് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നത് പ്രോജക്ടുകൾക്ക് സമുചിതമായ അർഹതാ/യോഗ്യതാ മാനദണ്ഡങ്ങളിൽനിന്നുള്ള വ്യതിചലനമാണ്. ഗ്രാമസഭയിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ മാർക്കിടുകയും ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന മാർക്കിന് അനുസൃതമായി മുൻഗണന നിശ്ചയിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ടി മാർക്കുകളുടെ വിശദാംശങ്ങൾ അടങ്ങിയ അപേക്ഷകൾ സഹിതം

ഗ്രാമസഭയിൽ അന്തിമ ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് വിതരണം ചെയ്യുന്നതായി കാണുന്നില്ല.

ആസൂത്രണ/പദ്ധതി രൂപീകരണ പ്രക്രിയകൾ ശരിയായ അർത്ഥത്തിൽ വ്യവസ്ഥാപിതമാക്കപ്പെടാത്ത സാഹചര്യത്തിൽ വിവിധങ്ങളായ അർഹതാ മാനദണ്ഡങ്ങൾ, ക്ലേശഘടകങ്ങൾ എന്നിവ പരിഗണിച്ച് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിന്റെ സുതാര്യത സൂക്ഷ്മമായി ഉറപ്പാക്കാൻ കഴിയാത്ത സ്ഥിതി വിശേഷം നിലനിൽക്കുന്നു. കൂടാതെ ഗ്രാമസഭാ മിനിട്ട്സ് ബുക്ക് ശരിയായ വിധത്തിൽ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തുന്നതിലുള്ള വീഴ്ചമൂലം തീരുമാനങ്ങൾ തുടർന്ന് എഴുതി ചേർക്കാവുന്ന സാഹചര്യവും നിലനിൽക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിൽ ഇത്തരം അപാകതകൾ പ്രാധാന്യത്തോടെ പരാമർശിച്ചിട്ടുള്ളത് പരമാധികാര ജനകീയ സഭയായ "ഗ്രാമസഭ" മുമ്പാകെ അവതരിപ്പിച്ച് ചർച്ചാവിധേയമാക്കിയും ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ സുതാര്യത "സോഷ്യൽ ഓഡിറ്റിന് " വിധേയമാക്കിയും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ.ഉ(കൈ) നമ്പർ 115/2022/തസ്വഭവ തീയതി 28.5.2022ഖണ്ഡിക 1.2.13 പ്രകാരം സ്കൂളുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബഡ്സ് സ്കൂളുകൾ, അങ്കണവാടികൾ, നേഴ്സറികൾ, ബാലവാടികൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ ഗുണഭോക്താക്കൾ ആകുന്ന സന്ദർഭത്തിൽ ഗ്രാമസഭയുടെ അംഗീകാരം കൂടാതെ തന്നെ ആനുകൂല്യങ്ങൾ നൽകാവുന്നതാണെങ്കിലും ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഏറ്റവും ആദ്യം കൂടുന്ന ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം സാങ്കേതിക അനുമതി ലഭിച്ച 182 പ്രോജക്ടുകളിൽ 171 എണ്ണവും തൻവർഷം നടപ്പിലാക്കി. 83913 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1193 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, കയ്യാല നിർമ്മാണം, കൃഷിക്ക് നിലം ഒരുക്കൽ, വൃക്ഷത്തൈ നടീൽ, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, അസോള, സോക്ക്പിറ്റ്, കംപോസ്റ്റ് പിറ്റ് എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | | 289059 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 35599913 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 1168410 |
| ആകെ | | 37057382 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 26075738 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 2063828 |
| | സാധന വില, വാടക, ബാങ്ക് ചാർജ് | 7460347 |
| | ഭരണ ചെലവുകൾ | 1433429 |
| ആകെ ചെലവ് | | 37033342 |
| | നീക്കിയിരിപ്പ് | 24040 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 4,54,56,300 | 4345 |
| കർഷക തൊഴിലാളി പെൻഷൻ | 26,17,200 | 197 |
| വിധവ പെൻഷൻ | 1,45,00,600 | 1210 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 524000 | 45 |
| വികലാംഗപെൻഷൻ | 59,48,200 | 456 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് എരുമേലി ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 05/10/2023-ന് 03:15 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 32,285/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 1.4.2022 മുതൽ ILGMS സോഫ്റ്റ് വെയർ നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായ രേഖപ്പെടുത്തൽ നടത്തി എഴുതി സൂക്ഷിക്കുന്നില്ല. വരവിനങ്ങളുടെ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകളുടെ ഉപയോഗം സംബന്ധിച്ച് സെക്രട്ടറിയോ അക്കൗണ്ടന്റോ തുടർ നിരീക്ഷണം നടത്തുന്നില്ല. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നില്ല. വിവിധ സ്ഥാപനങ്ങളിലേക്ക് ഒടുക്കുവാനുള്ള തുകകളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഇപ്രകാരമുള്ള വിനിമയങ്ങളുടെ സുതാര്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. വിവിധ ഏജൻസികളിൽ നിക്ഷേപിക്കുന്ന തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി നിക്ഷേപപ്രവൃത്തികളുടെ നിർമ്മാണം നിരീക്ഷിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കുന്ന ഏ.സി.ആർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ലേല രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഷികപദ്ധതി നിർവഹണപ്രക്രിയകളിൽ ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പരസ്പര ഏകോപനത്തോടെയുള്ള പ്രവർത്തനത്തിലൂടെ ആഭ്യന്തരനിയന്ത്രണം കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.2022 | 01/2022 - 03/2022 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.06.2023 മുതൽ 15.07.2023 വരെ | 2018-19 മുതൽ 2022-23 വരെ | Audit-I/AMG-I/(HQ)II /I/C-3/GP/8A-21/2023-24/160<br>തീയതി 08.09.2023 |

## 1-11 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി ഒടുക്കുന്ന തുക പഞ്ചായത്തിന്റെ 36886067415 എന്ന എസ്.ബി.ഐ. അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിൽ വരവ് രസീത് ചെയ്ത ശേഷം തുക അക്കൗണ്ടിൽ ക്രഡിറ്റാകുന്നതിന് കാലതാമസം നേരിടുന്നതായി പരിശോധനയിൽ കാണുന്നു. പഞ്ചായത്തിന്റെ മേൽപറഞ്ഞ ഓൺലൈൻ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 31/03/2023 വരെ രസീത് ചെയ്തതിൽ 167,266/- രൂപ (Cheque Deposited But Not Cleared) ലഭിക്കുവാനുണ്ട്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം നേരിടുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.12/10.10.2023) മറുപടിയായി വിഷയത്തിൽ സർക്കാർ തലത്തിൽ ഇടപെടൽ ആവശ്യമാണെന്നും ഇതിനായി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

## 1-12 വസ്തുനികുതി നിർണ്ണയം - തറനിർമ്മിതി കണക്കിലെടുത്തില്ല

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6(3) പ്രകാരം തറനിർമ്മിതിയുടെ തരം അനുസരിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധന വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതി കണക്കിലെടുത്തതായി കാണുന്നില്ല.

| ക്രമനം. | കെട്ടിട നമ്പർ | ഉടമ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (ച.മീ) | തറനിർമ്മിതിയുടെ തരം |
|---|---|---|---|---|---|
| 1 | 20/242 A | എബി മാത്യൂസ് മണപ്പറമ്പിൽ | പാർപ്പിടാവശ്യം | 515.85 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ – 257.9 ച.മീ<br>സാധാരണ തറ – 257.9 ച.മീ |

ടി കെട്ടിടത്തിന്റെ ഫോം -6 പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണത്തിന്റെ പകുതി ഭാഗം മേൽത്തരം വസ്തുക്കൾ കൊണ്ടുള്ള നിർമ്മിതിയാണെന്ന് കാണുന്നു. വസ്തുനികുതി ചട്ട പ്രകാരം മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് , മറ്റ് വിലയേറിയ വസ്തുക്കൾ എന്നിവ കൊണ്ട് നിർമ്മിച്ചിട്ടുള്ള തറയുടെ ആകെ വിസ്തീർണ്ണം 250 ച.മീ -ന് മുകളിലായാൽ അത്രയും ഭാഗത്തിന് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ബാധകമാക്കേണ്ടതാണ്.

കെട്ടിടത്തിന്റെ നിലവിലുള്ള അടിസ്ഥാന വസ്തു നികുതി = 515.85 X 6 = 3095.10/-

മേൽത്തരം തറ നിർമ്മിതിയുള്ള ഭാഗത്തിന് നിലവിൽ ഈടാക്കുന്ന അടിസ്ഥാന വസ്തു നികുതി = 257.9 X 6 = 1547.55/-

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വരുത്തേണ്ടിയിരുന്ന വർദ്ധനവ് (15 %) = 1547.55 X 15/100 = 232.13/-

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിന്മേൽ 232.13/- രൂപയുടെ വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ മേൽ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിന്മേൽ നിയമപ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (15/11.10.2023) മറുപടിയായി വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% നികുതി വർദ്ധനവ് വരുത്തുന്നതിനുള്ള ഓപ്ഷൻ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുന്നില്ല എന്നാണ് മറുപടി നൽകിയത്. മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ 15% നികുതി വർദ്ധന ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി ഡേറ്റാബേസിൽ ചേർക്കുന്നതിന് തദ്ദേശഭരണ വകുപ്പ്, ഐ.കെ.എം. എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. 15% നികുതി വർദ്ധന ഉൾപ്പെടെ നികുതി പുനർനിർണ്ണയിച്ച് വിശദാംശങ്ങൾ മറുപടിയിൽ അറിയിക്കേണ്ടതാണ്.

**1-13 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെയും വ്യത്യസ്ത വഴി സൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു**

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായും പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ(20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നും തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിലും വ്യത്യസ്തവഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലും വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | സർവ്വേ നം./വില്ലേജ് | വിസ്തീർണ്ണം (ച.മീ ) | വഴി സൗകര്യം | മേഖല |
|---|---|---|---|---|---|
| ജസ്റ്റിൻ കെ കുര്യൻ | 20/31 B | 187/5-1-4 എരുമേലി സൗത്ത് | 170.08 | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം (എരുമേലി - മുക്കൂട്ടുതറ) | പ്രഥമം |
| സിനിമോൾ എം ജേക്കബ് | 20/31 A | 187/5-1-2 എരുമേലി സൗത്ത് | 148.71 | 1.5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം (എരുമേലി - മുക്കൂട്ടുതറ) | ദ്വിതീയം |
| ഷാനവാസ് | 20/558 | 71/5 | 27 | 1.5 മീറ്ററോ അതിൽ | പ്രഥമം |

| | | | | | |
|---|---|---|---|---|---|
| ഖാൻ | E | എരുമേലി സൗത്ത് | | കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം (പഞ്ചായത്ത് റോഡ്) | |
| | 20/558 F | | 252 | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം (ചരള - വാവർ) | ദ്വിതീയം |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/11.10.2023) മറുപടിയായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റ എൻടി നടത്തിയ സമയത്ത് സംഭവിച്ച ക്ലറിക്കൽ തെറ്റ് മൂലമാണ് അപാകത സംഭവിച്ചിട്ടുള്ളതെന്നും സഞ്ചയയിൽ വേണ്ട മാറ്റങ്ങൾ വരുത്തി അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർ നിർണയിച്ച് ഈടാക്കി വിശദാംശങ്ങൾസഹിതം അറിയിക്കേണ്ടതാണ് .

1-14 വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി

1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം ആരാധനാലയങ്ങൾ, ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാലയങ്ങളും അനുബന്ധ ഹോസ്റ്റലുകളും, സൗജന്യ ചികിത്സ ലഭിക്കുന്ന ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, ശവം അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങൾ, അറുപത് ച.മീറ്ററിൽ കുറവുള്ള വാസ ഗൃഹങ്ങൾ, സർക്കാർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസ ഗൃഹങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്. എന്നാൽ പ്രസ്തുത ഗണത്തിൽ ഉൾപ്പെടാത്ത താഴെ പറയുന്ന കെട്ടിടങ്ങളെ സഞ്ചയയിൽ 'നികുതി, ഉപ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | ഉടമസ്ഥൻ |
|---|---|---|---|
| 1 | 6/442 A | 45 | മാനേജർ, ദേവസ്വം ബോർഡ് |
| 2 | 7/470 | - | അസി.എൻജിനീയർ പി.എച്ച്.ഇ.ഡി |
| 3 | 12/2 | 78 | റേഞ്ചർ ഫോറസ്റ്റ് ഡിപ്പാർട്മെന്റ് |
| 4 | 12/438 | 30 | |
| 5 | 16/1158 | 30 | |
| 6 | 16/1158 A | - | |
| 7 | 19/159 | 35 | അസീസി ഹോസ്പിറ്റൽ |
| 8 | 19/164 | 5 | |
| 9 | 23/705 | 35 | വന വിജ്ഞാന വ്യാപന കേന്ദ്രം കോട്ടയം |
| 10 | 4/223 | 35 | മാനേജർ, ചെറുവള്ളി എസ്റ്റേറ്റ് |
| 11 | 4/234 | 35 | |
| 12 | 4/244 | 35 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/13.10.23) മറുപടി ലഭ്യമാക്കിയില്ല. ഭൗതിക പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | 20/45 A | ലീയാബുദ്ധീൻ എം എ | മണിപ്പുഴ – വട്ടോൻകുഴി | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ് |
| 2 | 20/39 A | ദയാൽ എം കെ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | 20/132 | ഷിജു ജോർജ് | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | 20/358 E | ശോശാമ്മ മത്തായി | എരുമേലി – ബി എസ് എൻ എൽ | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | 20/358 F | | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 8 | 16/272 A | അബ്ദുൽ അസീസ് | കൊച്ചുരാമൻ മെമ്മോറിയൽ റോഡ് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 9 | 16/273 | യാസർ അറാഫത്ത് | | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ് |
| 10 | 16/274 A | ബിന്ദു കെ ആർ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/11.10.23) അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വഴികളുടെ യഥാർത്ഥ വീതി സംബന്ധിച്ച് റോഡ് മാസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ് (നിരക്ക് 500/ച.മീ). എരുമേലി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു

നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | കെട്ടിട നമ്പർ/വിസ്തീർണ്ണം | ഉടമസ്ഥൻ | വാർഷിക വസ്തുനികുതി (വർദ്ധനവുകൾക്കും ഇളവുകൾക്കും ശേഷം) | നികുതി ഒടുക്കാത്ത കാലയളവ് | കുടിശ്ശിക (ലൈബ്രറി സെസ്സ് ഉൾപ്പടെ ) |
|---|---|---|---|---|---|
| 1 | 13/544<br>28 ച.മീ | ജനറൽ മാനേജർ ബി എസ് എൻ എൽ, കോട്ടയം | 11200/- | 2022-23 | 11760/- |
| 2 | 15/276<br>15 ച.മീ | ജനറൽ മാനേജർ ബിഎസ്എൻഎൽ, കോട്ടയം | 7500/- | 2020-21 രണ്ടാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ | 19688/ |
| 3 | 16/740<br>45 ച.മീ | വൊഡാഫോൺ എസ്സാർ എറണാകുളം നോർത്ത് | 18000/- | 2022-23 | 18900/- |
| 4 | 20/371<br>64 ച.മീ | WTTLJ & Co. ഇടപ്പള്ളി | 32000/- | 2013-14 മുതൽ 2022-23 വരെ | 3,36,000/- |
| 5 | 20/409<br>45 ച.മീ | റിലയൻസ് ഇൻഡികോം കൊച്ചി | 22500/- | 2015-16 മുതൽ 2022-23 വരെ | 1,89,000/- |
| ആകെ | | | | | 5,75,348/- |

മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 36/12.10.2023) മറുപടിയായി ക്രമ നമ്പർ 1, 2, 3, 4 മൊബൈൽ ടവർ ഉടമസ്ഥർക്ക് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ക്രമ നമ്പർ 5 മൊബൈൽ ടവറിന്റെ കുടിശിക ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി കുടിശിക നിയമാനുസൃത പിഴപ്പലിശ ഉൾപ്പെടെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 1-17 റവന്യൂ കുടിശിക പിരിച്ചെടുക്കുന്നതിൽ കാലതാമസം

എരുമേലി ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക B15 ഷെഡ്യൂൾ പ്രകാരം 2022-23 വർഷം വിവിധ വരവ് ഇനങ്ങളിൽ 64,67,487/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു .

| ക്രമ നം. | ഇനം | ലഭിക്കാനുള്ള തുക |
|---|---|---|
| 1 | വസ്തുനികുതി - റെസിഡൻഷ്യൽ | 2146431 |
| 2 | വസ്തുനികുതി - നോൺ റെസിഡൻഷ്യൽ | 3139186 |
| 3 | വാടക കുടിശിക | 1194415 |
| 4 | മാർക്കറ്റ് വരവ് | 83550 |
| 5 | ബസ് സ്റ്റാൻഡ് വരവ് | 144000 |
| 6 | പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ | 11600 |

| | |
|---|---|
| ആകെ | 67,19,182/- |

67,19,182/- രൂപ തനത് ഫണ്ടിലേക്ക് പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. 2021-22 വർഷം ഡിമാൻഡ് ചെയ്ത തനത് വരവിന്റെ 90% ൽ താഴെയാണ് പിരിച്ചെടുക്കാനായത്. തന്മൂലം സ.ഉ.(കൈ) നം.179/22/ധന. തീയതി: 18.10.2022 പ്രകാരം സ്രോതസ്സിൽ നിന്നും 1% കുറവ് ചെയ്ത തുകയാണ് വികസന ഫണ്ടിനത്തിൽ 2022-23 വർഷം പഞ്ചായത്തിന് ലഭ്യമായത്. നികുതി പിരിവിലെ അനാസ്ഥ മൂലം വികസന ഫണ്ടിനത്തിൽ പഞ്ചായത്തിന് 3,98,570/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വസ്തുനികുതി സഞ്ചയ ഡേറ്റ ബേസ് പ്രകാരമുള്ള ഡി.സി.ബി കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വാടക രജിസ്റ്റർ പ്രകാരം തൻവർഷ വാടക കുടിശ്ശികയായി 1,60,668/- രൂപ പിരിഞ്ഞുകിട്ടുവാനുണ്ട്. എന്നാൽ ടി തുക 431300104 - Rent Receivables From Buildings (Current) ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. 2022-23 ധനകാര്യ പത്രിക സമർപ്പിച്ചപ്പോൾ അക്രൂവൽ വരവുകളുടെ തൻവർഷത്തെയും കുടിശികയുടെയും ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്താതിരുന്നത് 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58 ന്റെ വ്യക്തമായ ലംഘനമാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/09.10.2023) മറുപടിയായി കുടിശിക തുകകൾ റവന്യൂ റിക്കവറി നടത്തി ഈടാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലെ അനാസ്ഥ മൂലമാണ് 2022-23 സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്നും 1% തുക നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായത്. ഭാവിയിൽ ഇത്തരം സാഹചര്യമൊഴിവാക്കുന്നതിനായി തനത് ഫണ്ടിലേക്കുള്ള വരവിനങ്ങൾ കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഉണ്ടാവേണ്ടതും ആയതിന് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മേൽനോട്ടം വഹിക്കേണ്ടതുമാണ് .

1-18 വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം എരുമേലി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കെട്ടിടങ്ങൾക്ക് താഴെപ്പറയും വിധം വാടക കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ / സ്ഥാപനത്തിന്റെ പേര് | ഷോപ്പിംഗ് കോംപ്ലക്സ് /റൂം നം. | പ്രതിമാസ വാടക | | | കുടിശ്ശിക മാസം | കുടിശ്ശിക തുക |
|---|---|---|---|---|---|---|---|
| | | | നിരക്ക് | SGST + CGST | ആകെ | | |
| 1 | ഷാജി കോയിപ്പുറത്ത് | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം.4 | 882 | 158 | 1040 | 2022ഏപ്രിൽ-2023 മാർച്ച് | 1040*12= 12480/- |
| 2 | ബാബു തോമസ് | മുക്കൂട്ടുതറ ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം.14 | 1321 | 238 | 1559 | 2022ഏപ്രിൽ-2023 മാർച്ച് | 1559*12 =18708/- |
| 3 | അയൂബ് ഖാൻ കുവക്കുന്നേൽ | മുക്കൂട്ടുതറ ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം.4 | 3177 | 572 | 3749 | 2022ഏപ്രിൽ-2023 മാർച്ച് | 3749*12=44988/- |
| 4 | പ്രസിഡന്റ് കണമല സഹകരണ ബാങ്ക് | മുക്കൂട്ടുതറ ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം.5 | 4863 | 876 | 5739 | 2022ഏപ്രിൽ-2023 മാർച്ച് | 5739*12=68868/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ഷാജിത നാസർ | മുക്കൂട്ടുതറ ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം.8 | 2412 | 434 | 2846 | 2022ഒക്ടോബർ - 2023 മാർച്ച് | 2846*6=17076/- |
| ആകെ | | | | | | | 1,62,120/- |

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം തൻവർഷ വാടക ഇനത്തിൽ കുടിശികയില്ലാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. വാടക അടവാക്കാത്ത കുത്തകക്കാരെ ഡിമാന്റിൽ നിന്നും ഒഴിവാക്കി വാടക 100% പിരിച്ചെടുത്തതായാണ് ധനകാര്യപത്രികയിലെ ഡിമാന്റ് സൂചിപ്പിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (01/07.10.23) നൽകിയിരുന്നു. മറുപടിയായി വാടക അക്കൗണ്ട് ശീർഷകം മാറി വരവിലെടുത്തതുമൂലം ഡി സി ബി കൃത്യമാക്കുവാൻ സാധിച്ചില്ല എന്നും തൻവർഷം അക്രൂവൽ എൻട്രി വരുത്തി അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശിക വരുത്തിയ കുത്തകക്കാരിൽ നിന്നും വാടക ഈടാക്കുന്നതിനായി റെവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് കുടിശിക ഈടാക്കി അറിയിക്കേണ്ടതാണ്.

1-19 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല

2022-23 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | പ്രിയ നേഴ്സിങ്ങ് ഹോം, എരുമേലി | 2 |
| 2 | കെ.എസ്.ഇ.ബി, ടൌൺ സെക്ഷൻ | 2 |
| 3 | റബ്ബർ ബോർഡ് ഫീൽഡ് സ്റ്റേഷൻ, എരുമേലി | 1,2 |
| 4 | സി എസ് എൽ എൽ, എരുമേലി | 1,2 |
| 5 | കുടുക്കവള്ളി എസ്റ്റേറ്റ് | 1,2 |
| 6 | കണമല ക്ഷീരോത്പാദക സംഘം | 1,2 |
| 7 | റ്റി.പി. ബാങ്കേഴ്സ്, എരുമേലി | 1,2 |
| 8 | മേമന ഫിനാൻസിയേഴ്സ്, മുക്കൂട്ടുതറ | 1 |
| 9 | ജോസ്ന ഫിനാൻസ് | 1,2 |
| 10 | സപ്ലൈക്കോ ഔട്ട്ലെറ്റ്, എരുമേലി | 1 |
| 11 | ആറാട്ടുകയം ക്ഷീരോൽപാദക സഹകരണ സംഘം, കണമല | 1 |
| 12 | കരിനാട്ട് ഫിനാൻസ്, മുക്കൂട്ടുതറ | 1,2 |
| 13 | കണ്ടത്തിൽ ഗോൾഡ് ലോൺ, മുക്കൂട്ടുതറ | 1,2 |
| 14 | ചാലക്കുടി ബാങ്കേഴ്സ്, എരുമേലി | 1,2 |
| 15 | മാക്സ് വാല്യൂ ക്രെഡിറ്റ് ആൻഡ് ഇൻവെസ്റ്റ്മെന്റ് | 1,2 |
| 16 | പുലിക്കോട്ട് ക്രെഡിറ്റ് ആൻഡ് ഇൻവെസ്റ്റ്മെന്റ് | 1 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതാത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി വരുമാനം ഈടാക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്. തനത് നികുതി വരുമാനത്തിലുണ്ടായ കുറവിന് രേഖാമൂലം വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/11.10.2023) മറുപടിയായി മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-20 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2022-23 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന വിവിധ സ്വകാര്യ സ്ഥാപനങ്ങളുടെ ടേൺ ഓവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡി.സി.ബി. പത്രിക, ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ ലഭ്യമായ 2022-23 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി രജിസ്റ്റർ, കളക്ഷൻ റിപ്പോർട്ട് എന്നിവ പ്രകാരം ധാരാളം സ്ഥാപനങ്ങൾ നികുതി ഒടുക്കാത്തതായും ചില സ്ഥാപനങ്ങൾ ഒരു അർദ്ധവർഷം മാത്രം നികുതി ഒടുക്കി രണ്ടാം അർദ്ധവർഷം കുടിശികയാക്കിയതായും കാണുന്നു. പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപന തൊഴിൽ നികുതി കുടിശികയില്ല. തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളെ ഒഴിവാക്കി നികുതി 100% പിരിച്ചെടുത്തതായാണ് ധനകാര്യപത്രികയിലെ ഡിമാന്റ് നൽകിയിരിക്കുന്നത്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം എരുമേലി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കാത്തലിക് സിറിയൻ ബാങ്ക് മുക്കൂട്ടുതറ | 2 |
| 2 | മണപ്പുറം ഫിനാൻസ് മുക്കൂട്ടുതറ | 1,2 |
| 3 | ന്യൂ ഇന്ത്യ ഇൻഷുറൻസ് | 1 |
| 4 | മുത്തൂറ്റ് മൈക്രോഫിനാൻസ് | 1,2 |
| 5 | മാക്സ് വാല്യൂ (റിയൽറ്റേഴ്സ് ആൻഡ് ഇൻവെസ്റ്റേഴ്സ്) | 1,2 |
| 6 | ചാലക്കുടി ബാങ്കേഴ്സ്, എരുമേലി | 1,2 |
| 7 | കണ്ടത്തിൽ ഗോൾഡ് ലോൺ, മുക്കൂട്ടുതറ | 1,2 |
| 8 | കരിനാട്ട് ഫിനാൻസ്, മുക്കൂട്ടുതറ | 1 |
| 9 | ജോസ്ന ഫിനാൻസിയേഴ്സ് | 1,2 |
| 10 | പുലിക്കോട്ട് ക്രഡിറ്റ് & ഇൻവെസ്റ്റ്മെന്റ്, എരുമേലി | 1,2 |
| 11 | റ്റി.പി. ബാങ്കേഴ്സ്, എരുമേലി | 1,2 |
| 12 | മേമന ഫിനാൻസിയേഴ്സ്, മുക്കൂട്ടുതറ | 1 |
| 13 | സ്റ്റാർ ഹെൽത്ത് പോർട്ടൽ ഓഫീസ് | 1,2 |

| | | |
|---|---|---|
| | ചരള | |
| 14 | ഓറിയന്റൽ ഇൻഷുറൻസ് പോർട്ടൽ ഓഫീസ് എരുമേലി | 1,2 |

പഞ്ചായത്തിലെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളെ വാർഷിക കണക്കിലെ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതുമൂലം 2022-23 വർഷം പഞ്ചായത്തിന് ലഭിക്കേണ്ട നികുതി ഇനത്തിലുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ ക്രോഡീകരിച്ച് 2022-23 ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിന്റെ നികുതി വരുമാനം സംബന്ധിച്ച കൃത്യമായ കണക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരിക്കുകയും നികുതി തുക ഡിമാന്റിൽ നിന്ന് ഒഴിവാക്കുകയും ചെയ്ത നടപടിക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.09/09.10.2023) നൽകിയതിന് ടി സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. 2022-23 വർഷം സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നത് പഞ്ചായത്തിന്റെ നികുതി വരുമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ 23 വാർഡുകളിലും ഫീൽഡ് പരിശോധനയിലൂടെയും വസ്തുനികുതി ഡേറ്റാബേസിന്റെയും സഹായത്തോടെയും പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപന തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. മേൽപറഞ്ഞ സ്ഥാപനങ്ങളുടെ ടോണോവർ അടിസ്ഥാനത്തിൽ 2022-23 വർഷത്തെ തൊഴിൽ നികുതി നിലവിൽ കുടിശിക ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കേണ്ടതാണ്.

## 1-21 ബസ്റ്റാന്റ് ലേലം

1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്ക സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ മറ്റു വാഹന സ്റ്റാൻഡുകൾ)ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം സ്റ്റാൻഡിൽ കൂടി കടന്നു പോകുന്ന ബസ്സുകൾക്ക് പാർക്ക് ചെയ്യാൻ മതിയാവുന്നത്ര സ്ഥലസൗകര്യവും, ആവശ്യമെങ്കിൽ ബസ് എത്തിച്ചേരുന്നതും പുറപ്പെടുന്നതും അറിയിക്കുന്ന പൊതു അനൗൺസ്മെന്റ് സിസ്റ്റവും പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണെന്നും പ്രസ്തുത അവകാശം കൈമാറുന്നതിനായി ഗ്രാമപഞ്ചായത്ത് പൊതുജനങ്ങളിൽ നിന്ന് ക്വൊട്ടേഷൻ ക്ഷണിക്കേണ്ടതും പഞ്ചായത്ത് ചുമത്താവുന്ന നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ് നൽകിക്കൊണ്ട് അപ്രകാരമുള്ള അവകാശങ്ങൾ ഏൽപ്പിച്ചു കൊടുക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ബസ്റ്റാന്റ് പിരിവിനും അനൗൺസ്മെന്റിനുമായി ശ്രീമതി ഉഷാ ദിനേശൻ എന്ന വ്യക്തിയെ ദിവസ വേതന അടിസ്ഥാനത്തിൽ പഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. പഞ്ചായത്തിന് വലിയ വരുമാനമാകേണ്ട ബസ്റ്റാന്റ് ലേലം നടത്താതെ ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതിന്റെ കാരണം വ്യക്തമല്ല. ബസ്റ്റാന്റിൽ ഒരു ദിവസം പ്രവേശിക്കുന്ന ബസുകളുടെ എണ്ണം തിട്ടപ്പെടുത്താവുന്നതും നിശ്ചയിച്ച നിരക്ക് പ്രകാരം ഒരു ദിവസം ലഭിക്കുന്ന ഏകദേശം വരുമാനം കണക്കാക്കാവുന്നതും ഇതിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം ലഭിക്കുന്ന ഏകദേശ അറ്റാദായം (സാധാരണഗതിയിലുള്ള തടസ്സങ്ങൾ, കിഴിച്ച്) കണക്കാക്കാവുന്നതും ഇതനുസരിച്ച് വസ്തുതാ റിപ്പോർട്ട് തയ്യാറാക്കാവുന്നതാണ് എങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. ഒരു ദിവസം എത്ര ബസ്സുകളാണ് സ്റ്റാന്റിൽ പ്രവേശിക്കുന്നത് എന്നത് തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ പിരിച്ചെടുക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നതിനും വരുമാന ചോർച്ച ഉണ്ടായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനും സാധിക്കുന്നില്ല. ഈ ഇനത്തിലുള്ള തൻവർഷത്തെ ആകെ വരുമാനം 316621/- രൂപ (RP-4 പ്രകാരം) മാത്രമാണ്. കൂടാതെ ശ്രീമതി ഉഷാ ദിനേശൻ എന്ന വ്യക്തിയുടെ നിയമനവുമായി ബന്ധപ്പെട്ട വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 18/11.10.223) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ പഞ്ചായത്ത് ബസ്സ്റ്റാന്റ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1996ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസും 1997ലെ കേരള പഞ്ചായത്ത് രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ

സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന സ്വകാര്യ ആശുപത്രികൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഡീറ്റയിൽസ് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23 വർഷം രജിസ്ട്രേഷൻ എടുത്തിട്ടില്ല .

| ക്രമ നം. | സ്ഥാപനം | ഉടമ |
|---|---|---|
| 1 | ഡോക്ടർ കെയർ ഹോമിയോപ്പതി ക്ലിനിക്ക് | ഡോ. ഫാത്തിമ റഹിം |
| 2 | മഡോണ ക്ലിനിക്ക്<br>എരുമേലി | - |
| 3 | മടുക്കക്കുഴി ഹോമിയോ ക്ലിനിക്ക് | ഡോ. ജെയിംസ് ജോസഫ് |
| 4 | മടുക്കക്കുഴി ആയുർവേദ | ഡോ.ഡേവിസ് സി |
| 5 | റോസാ മിസ്റ്റീന ആയുർവേദ വൈദ്യശാല | ഡോ.ഷെറിൻ കെ |
| 6 | സിഗ്മ ഡയഗ്നോസ്റ്റിക് സെന്റർ<br>എരുമേലി | അന്ന അബ്രാഹം |
| 7 | പുറ്റമണ്ണിൽ ഡെന്റൽ ക്ലിനിക്ക് | ഡോ.അനൂപ് പി എം |
| 8 | മുത്തൂറ്റ് ഹെൽത്ത് പ്ലസ് | അജിത് ജോൺ പുന്നൂസ് |
| 9 | അമല ഹോമിയോ ക്ലിനിക്ക് | ഡോ.ജോബിൻ മാത്യൂ |
| 10 | സ്മൈൽ കെയർ ഡെന്റൽ ക്ലിനിക്ക് | ഡോ.ജോർജ് ജോൺസൺ |
| 11 | ജനസേവ മെഡി ലാബ് | പി എം തോമസ് |
| 12 | എസ് ആർ ക്ലിനിക്കൽ ലബോറട്ടറി<br>മുക്കൂട്ടുതറ | രജനി മോഹനൻ |
| 13 | വെൽകെയർ ഹോമിയോപ്പതി | സംഗീത ജി നായർ |
| 14 | മഠത്തിൽ ആയുർവേദിക് ക്ലിനിക്ക് | അബ്ദുൽ ജലീൽ കെ ഇ |
| 15 | ജ്യോതി ഡയഗ്നോസ്റ്റിക് സെന്റർ | - |
| 16 | ട്രിനിറ്റി ചിൽഡ്രൻസ് ക്ലിനിക്ക് | - |

പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22 വർഷം രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും (നം. 07/09.10.2023) മറുപടി ലഭ്യമായില്ല. ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8 - പ്രകാരം 5000 രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500 രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ്

പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-23 ലൈബ്രറി സെസ്സ് അടവാക്കിയില്ല

2022-23 ലെ വാർഷിക കണക്കുകൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ പഞ്ചായത്തിന്റെ ബാധ്യതാഹെഡ്ഡിൽ 3,86,325.85/- രൂപ ലൈബ്രറി കൗൺസിലിന് അടക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ30-നകവും, രണ്ടാമത്തെ ഗഡു നവംബർ 30-നകവും അടയ്ക്കേണ്ടതാണ്. ലൈബ്രറി സെസ്സ് യഥാസമയം അടവാക്കിയില്ലെങ്കിൽ പ്രതിമാസം 2% നിരക്കിൽ പിഴപ്പലിശ നൽകേണ്ടതുണ്ട്. യഥാസമയം ലൈബ്രറി സെസ്സ് അടവാക്കാത്ത പക്ഷം ഒടുക്കേണ്ടി വരുന്ന പിഴപ്പലിശ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും ആയതിന്റെ പിഴപ്പലിശ നൽകേണ്ടത് സെക്രട്ടറിയുടെ പക്കൽ നിന്ന് ഈടാക്കുന്നതുമാണ് എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.09.2005 തിയതിയിലെ 10088/എൽ3/05 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാലതാമസം സംഭവിച്ചതിന്റെ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.39 /13.10.2023ന് മറുപടി ലഭ്യമാക്കിയില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ മേൽ സർക്കുലറിൽ പരാമർശിച്ച സമയക്രമം പാലിച്ച് ലൈബ്രറി സെസ് അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-24 വണ്ടിത്താവളങ്ങൾ ലൈസൻസില്ലാതെയും അമിത പാർക്കിങ് ഫീ ഈടാക്കിയും പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 227, 228, 1995-ലെ കേരള പഞ്ചായത് രാജ് (ഇറക്ക് സ്ഥലങ്ങൾ, വിരാമം സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങളിലെ ചട്ടം 22 (1) എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നുമുള്ള ലൈസൻസ് ഇല്ലാതെ സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. 2022-23 വർഷത്തിൽ മൂന്ന് പാർക്കിങ് ഗ്രൗണ്ടുകൾ മാത്രമാണ് ലൈസൻസോടെ പ്രവർത്തിച്ചിരുന്നത്. പാർക്കിങ് ഫീസ് നിശ്ചയിച്ച് പഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നുമില്ല. വണ്ടിത്താവളങ്ങളിൽ അമിത പാർക്കിങ് ഫീസ് ഈടാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബഹു. ഹൈക്കോടതി 22.08.2022 തീയതിയിൽ സ്വമേധയാ കേസ് (Suo Motu) എടുക്കുകയും (ഫയൽ നമ്പർ 400526/LLPA01/GPO/2022/5518) അതിനെത്തുടർന്ന് പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചിരുന്ന 17 പ്രൈവറ്റ് പാർക്കിങ് ഗ്രൗണ്ടുകൾക്കു കൂടി ലൈസൻസ് നൽകുകയും ചെയ്തു. നിലവിൽ പഞ്ചായത്ത് പരിധിയിലുള്ള 20 വണ്ടിത്താവളങ്ങൾ ലൈസൻസോടുകൂടി പ്രവർത്തിക്കുന്നവയാണ്. എന്നാൽ ബഹു. ഹൈക്കോടതിയുടെ അനുകൂല വിധി ഉണ്ടായിട്ടുകൂടി പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന എല്ലാത്തരം വണ്ടിത്താവളങ്ങൾ, പാർക്കിങ് സ്ഥലങ്ങൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ .

| ക്രമ നം | വണ്ടിത്താവളത്തിന്റെ പേര് | ഉടമ |
|---|---|---|
| 1 | ഡിവൈൻ കളർ പാർക്ക് | - |
| 2 | എരുമേലി പാർക്കിങ് ഗ്രൗണ്ട് | - |
| 3 | സ്വാമി അയ്യപ്പ പാർക്കിങ് | തിരുവിതാകൂർ ദേവസ്വം ബോർഡ് |
| 4 | ശ്രീ ശാസ്താ പാർക്കിങ് | തിരുവിതാകൂർ ദേവസ്വം ബോർഡ് |
| 5 | പ്രൈവറ്റ് പാർക്കിങ് | റിജോ ജോസ് |
| 6 | കണ്ണങ്കര ന്യൂ പാർക്കിങ് | - |

| | | |
|---|---|---|
| | എരുമേലി സൗത്ത് | |
| 7 | പ്രൈവറ്റ് പാർക്കിങ് | വി സി തോമസ്<br>വെട്ടുകല്ലാംപറമ്പിൽ |

പട്ടികയിൽ ചേർത്തിട്ടുള്ള വണ്ടിത്താവളങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കുവാനായി ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.11/10.10.2023) നൽകിയിരുന്നു. മറുപടിയായി ദേവസ്വം ബോർഡിന് കീഴിലുള്ള സ്വാമി അയ്യപ്പ, ശ്രീ ശാസ്താ പാർക്കിങ് ഗ്രൗണ്ടുകൾ ദേവസ്വത്തിൽ നിന്നും ലേലംകൊണ്ട സ്വകാര്യ വ്യക്തിയുടെ പേരിൽ ലൈസൻസ് എടുത്തിട്ടുള്ളതാണെന്നും കണ്ണങ്കര ന്യൂ പാർക്കിങ് നിലനിന്നിരുന്ന സ്ഥലത്ത് കൈലാസനാഥൻ പാർക്കിങ് എന്ന പേരിൽ സ്വകാര്യ വ്യക്തി താൽക്കാലിക ലൈസൻസ് എടുത്തിട്ടുള്ളതായും അറിയിച്ചു.

വണ്ടിത്താവളങ്ങൾ ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നില്ല

1995-ലെ കേരള പഞ്ചായത് രാജ് (ഇറക്ക് സ്ഥലങ്ങൾ, വിരാമം സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഒരു ഇറക്കുസ്ഥലമോ വിരാമ സ്ഥലമോ വണ്ടിത്താവളമോ ഏർപ്പെടുത്തുമ്പോൾ അങ്ങനെ ഏർപ്പെടുത്തിയിരിക്കുന്ന വിവരവും അത് എവിടെയാണ് തുറക്കുന്നതെന്നും ആയത് ഉപയോഗിക്കുന്നതിന് കൊടുക്കേണ്ട ഫീസിന്റെ നിരക്കും സഹിതം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രധാനപ്പെട്ട സ്ഥലങ്ങളിലും നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതാണ്. ചട്ടം 22 (3) പ്രകാരം പുതിയ വണ്ടിത്താവളം തുറക്കുവാനുള്ള ലൈസൻസിനുവേണ്ടിയുള്ള അപേക്ഷയോടൊപ്പം വണ്ടിത്താവളം സ്ഥാപിക്കുന്നത് സംബന്ധിച്ച വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണ ചാർജിന്റെ ചെലവിലേക്കായുള്ള തുക നിശ്ചയിച്ച് അപേക്ഷകനിൽ നിന്നും ഈടാക്കുവാനായി സെക്രട്ടറിക്ക് അധികാരമുള്ളതാണ്. സെക്രട്ടറി ആവശ്യപ്പെടുന്ന തുക പഞ്ചായത്തിൽ നിക്ഷേപിക്കേണ്ടതും അങ്ങനെയുള്ള നിക്ഷേപത്തോടുകൂടിയല്ലാത്ത അപേക്ഷ പരിഗണിക്കേണ്ടതില്ലാത്തതുമാണ്. എന്നാൽ 2022-23 വർഷം ലൈസൻസെടുത്തിട്ടുള്ള പാർക്കിങ് ഗ്രൗണ്ടുകൾ സംബന്ധിച്ച് ഇപ്രകാരം നിരക്കുകൾ രേഖപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതായും ആയതിലേക്കുള്ള ചെലവുകൾക്കായി ലൈസൻസികളുടെ പക്കൽ നിന്നും തുക ഈടാക്കിയതായും കാണുന്നില്ല. മേൽ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം വണ്ടിത്താവളങ്ങൾ തുറക്കുന്നതിനു മുൻപായി റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. ഒരു പൊതുസ്ഥലം വണ്ടിത്താവളമാക്കി മാറ്റുന്നതിന് 1995-ലെ കേരള പഞ്ചായത്ത് രാജ് (ഇറാക്ക് സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ പ്രകാരം പരാമർശിച്ചിട്ടുള്ള നിബന്ധനകളൊന്നും പാലിക്കാതെയാണ് വസ്തു ഉടമസ്ഥർ വാഹന പാർക്കിങ് അനുവദിക്കുന്നത്. ആയതിനാൽ ടി പാർക്കിങ് ഗ്രൗണ്ടുകൾക്ക് പഞ്ചായത്തിൽ നിന്നും നിയമപരമായി വണ്ടിത്താവളങ്ങൾക്കുള്ള ലൈസൻസ് അനുവദിച്ചു നൽകുവാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്തുപോലും പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നില്ലാത്ത അവസ്ഥയാണുള്ളത്. മണ്ഡല കാലത്ത് അഭൂതപൂർവ്വമായ വാഹനത്തിരക്ക് അനുഭവപ്പെടുന്ന സമയത്ത് ലൈസൻസെടുക്കാത്തതിന്റെ പേരിൽ പാർക്കിങ് ഗ്രൗണ്ടുകൾ അടച്ചുപൂട്ടുന്നതിന് പഞ്ചായത്തിൽ നിന്നും നോട്ടീസ് നൽകുന്നത് മണ്ഡല കാലത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം സൃഷ്ടിക്കുമെന്നതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന പാർക്കിങ് ഗ്രൗണ്ടുകൾക്കെതിരെ നടപടി എടുക്കുന്നത് പ്രായോഗികമായി സാധിക്കുന്നതല്ല .

കാലഹരണപ്പെട്ട ഫീസ് നിരക്ക്

1995-ലെ കേരള പഞ്ചായത് രാജ് (ഇറക്ക് സ്ഥലങ്ങൾ, വിരാമം സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം 24 മണിക്കൂറിലധികരിക്കാത്ത സമയത്തേക്ക് വണ്ടി പാർക്ക് ചെയ്യുന്നതിന് പരമാവധി ഈടാക്കാവുന്ന ഫീസ് നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വണ്ടിയുടെ തരം | ഫീസ്<br>(24 മണിക്കൂർ സമയത്തേക്ക് ) |
|---|---|---|
| 1 | സൈക്കിൾ | 1/- |

| | | |
|---|---|---|
| 2 | ഓട്ടോ റിക്ഷ | 2/- |
| 3 | മിനി ബസ് | 4/- |
| 4 | ടെമ്പോ | 4/- |
| 5 | ബസ് | 6/- |
| 6 | ലോറി | 6/- |

ചട്ട പ്രകാരം വണ്ടി പാർക്ക് ചെയ്യുന്നതിന് പരമാവധി ഈടാക്കാവുന്ന ഫീസ് 6 രൂപയാണ്. സർക്കാർ അംഗീകരിച്ചിരിക്കുന്ന ഫീസ് നിരക്ക് കുറവായതിനാൽ നിലവിൽ ദേവസ്വം ബോർഡ് അംഗീകരിച്ചിരിക്കുന്ന പാർക്കിങ് ഫീ നിരക്കിലാണ് വണ്ടിത്താവളങ്ങളിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് പാർക്കിങ് ഫീ ഈടാക്കി വരുന്നത്. ഫീസ് നിരക്ക് പരിഷ്കരിക്കേണ്ടതുണ്ടോ എന്നത് സർക്കാർ പരിശോധിക്കേണ്ടതാണെന്ന് ബഹു. ഹൈക്കോടതി S.R 30 Of 2022 നം. ഉത്തരവിന്റെ ഖണ്ഡിക 8 -ൽ നിർദ്ദേശിച്ചിരുന്നു. ഇത് സംബന്ധിച്ച് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സർക്കാരിലേക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് (രജിസ്ട്രേഷൻ ഓഫ് ട്യൂട്ടോറിയൽ ഇൻസ്റ്റിറ്റ്യൂഷൻസ് ചട്ടങ്ങൾ) 1999- പ്രകാരം രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കേണ്ടതാണ്. ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ജി - ടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ |
| 2 | ജവഹർ കോളേജ് ഓഫ് പാരാമെഡിക്കൽ സയൻസ് |
| 3 | മാസ്റ്റേഴ്സ് അക്കാഡമി |
| 4 | ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജി |
| 5 | നളന്ദ കോളേജ് |
| 6 | സെന്റ് ആന്റണീസ് കോളേജ്, മുക്കൂട്ടുതറ |
| 7 | സ്കൂൾ ഓഫ് ഗാർമെന്റ് ഡിസൈൻ ആൻഡ് ഫാഷൻ ടെക്നോളജി |
| 8 | ഹാപ്പി വേയ്സ്, ഐ.ഇ.എൽ.ടി.എസ് കോച്ചിങ് സെന്റർ |

1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 2, 3, 4, 5 എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. മേൽ സ്ഥാപനങ്ങൾ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.07/09.10.2023) മറുപടി ലഭ്യമാക്കിയില്ല. ഒരു ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫാറം 1-ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി, അത് നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ള ആളോ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സ്വീകരിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, അപേക്ഷകൻ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് സ്ഥലത്തിന്റെ

ശുചിത്വം, കെട്ടിടത്തിന്റെയോ, കെട്ടിടങ്ങളുടെയോ സുരക്ഷിതത്വം, അതിന്റെ തറ വിസ്തീർണ്ണം, അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം, അപേക്ഷയിൽ പറയുന്ന മറ്റ് വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് ഒരു അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 പ്രകാരമുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും രജിസ്റ്റർ ചെയ്യപ്പെട്ടു എന്നതിന്റെ തെളിവായി അപേക്ഷകന് ഫോറം 3-ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും, അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5-ൽ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതും അത് സംബന്ധിച്ച് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഫോറം 3-ൽ ഉള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതെയും രജിസ്ട്രേഷൻ ഇല്ലാതെയുമാണ് ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ട്യൂട്ടോറിയൽ എന്ന നിർവ്വചനത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ആയത് സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണെന്നും 24.11.2017-ലെ 213/ആർ.ഡി.3/17/തസ്വഭവ നമ്പർ സർക്കുലറിലും നിർദ്ദേശിച്ചുണ്ട്. പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത തുക പഞ്ചായത്തിൽ ഒടുക്കിയില്ല

2023-24 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-ചേനപ്പാടി സർക്കിൾ, സ്പിൽ ഓവർ പ്രോജക്ടായി നിർവ്വഹണം നടത്തുന്ന SO 188/2024 - 'വീടുകളിൽ മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം' പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത തുക പഞ്ചായത്തിൽ ഒടുക്കു വരുത്തിയില്ല. ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിച്ച് KAICO, വൈക്കം എന്ന സ്ഥാപനത്തിൽ നിന്നും 490/-രൂപ നിരക്കിൽ 2475 എണ്ണം കിച്ചൻ ബിന്നുകൾ വാങ്ങി വിതരണം നടത്തുന്നതിനായാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഇൻവോയ്സ് നം. M40/23-24 തീയതി 01.07.2023 ട്രഷറി ബിൽ നം. 126/04.08.23 എന്നിവ പ്രകാരം 5,96,820/- രൂപയ്ക്ക് 1218 കിച്ചൻ ബിന്നുകൾ വാങ്ങിയിട്ടുണ്ട്. മുഴുവൻ തുകയും ശുചിത്വ മിഷൻ ഫണ്ടിൽ നിന്നുമുപയോഗിച്ചാണ് ബിന്നുകൾ വാങ്ങിയിരിക്കുന്നത്. പ്രോജക്ട് പ്രകാരം കിച്ചൻ ബിന്നുകളുടെ വിലയുടെ 10% (49/- രൂപ) ഗുണഭോക്താവ് നേരിട്ട് വഹിക്കണം. അതിൻ പ്രകാരം 59,682/- രൂപ (1218 X 49 = 59,682) ഗുണഭോക്തൃവിഹിതമായി പഞ്ചായത്തിൽ അടവാക്കേണ്ടിയിരുന്നു. എന്നാൽ രസീത് പരിശോധന നടത്തിയ 12.10.2023 തീയതി വരെയും തുക പഞ്ചായത്തിൽ അടവാക്കിയിരുന്നില്ല. പദ്ധതിയ്ക്കായി 1218 ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത തുക പഞ്ചായത്തിൽ അടവാക്കാതെ മുഴുവൻ തുകയും ജീവനക്കാരൻ കൈവശം വയ്ക്കുകയാണുണ്ടായത്. കൂടാതെ 12.10.2023 തീയതി വരെയുള്ള കളക്ഷനായി 59,682/- രൂപ ലഭിച്ചെങ്കിലും 38,710/- രൂപയുടെ വരവിന് മാത്രമാണ് രസീത് എഴുതിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി ജീവനക്കാരന് ആകെ 13 രസീത് ബുക്കുകൾ പഞ്ചായത്തിൽ നിന്നും ഇഷ്യൂ ചെയ്തെങ്കിലും 8 എണ്ണത്തിൽ മാത്രമാണ് രേഖപ്പെടുത്തലുകളുള്ളത്. 12.10.2023 തീയതി ഇഷ്യൂ ചെയ്ത ബുക്ക് നം. 9382, 9383, 9384, 9385, 9386 എന്നിവയിൽ രേഖപ്പെടുത്തലുകളില്ല. വിശദാംശം ചുവടെ .

| ക്രമ നം. | രസീത് ബുക്ക് നം. | ഇഷ്യൂ ചെയ്ത തീയതി | ഉപയോഗിച്ച രസീതുകളുടെ എണ്ണം | കളക്ഷൻ തുക |
|---|---|---|---|---|
| 1 | 9361 | 04.08.2022 | 100 | 4900/- |
| 2 | 9362 | 04.08.2022 | 100 | 4900/- |
| 3 | 9363 | 04.08.2022 | 100 | 4900/- |
| 4 | 9371 | 02.02.2023 | 100 | 4900/- |
| 5 | 9372 | 02.02.2023 | 99 | 4851/- |

| | | | | |
|---|---|---|---|---|
| 6 | 9373 | 02.02.2023 | 100 | 4900/- |
| 7 | 9374 | 02.02.2023 | 100 | 4900/- |
| 8 | 9375 | 02.02.2023 | 91 | 4459/- |
| ആകെ തുക | | | | 38,710/- |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം. I ആർട്ടിക്കിൾ 8, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 – ചട്ടം 23 എന്നിവ പ്രകാരം കാഷ്, മണി ഓർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവർത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. രസീത് നൽകി പിരിച്ചെടുത്ത 38710/- രൂപ ഒരുവർഷക്കാലം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാതെ കൈവശം വച്ചത് താത്ക്കാലിക പണാപഹരണമായി കണക്കാക്കേണ്ടതാണ്. രസീത് നൽകാതെ പ്രോജക്ടിനായി പണം പിരിച്ചെടുത്ത നടപടിയും ക്രമവിരുദ്ധമാണ്. ഗുണഭോക്തൃ വിഹിതം വകയിരുത്തി അഗികാരം നേടിയ പ്രോജക്ട് ഗുണഭോക്തൃവിഹിതം യഥാസമയം പിരിച്ചെടുത്ത് ഉപയോഗിക്കാതെ സർക്കാർ ഫണ്ട് മാത്രം ചെലവഴിച്ച് നടപ്പാക്കുന്ന രീതി ക്രമപ്രകാരമല്ല. അപാകതകൾ സംബന്ധിച്ച് ഭരണതലത്തിൽ വിലയിരുത്തൽ നടത്തി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിനു വേണ്ടി സ്വീകരിക്കുന്ന തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ പഞ്ചായത്തിൽ ഒടുക്കു വരുത്തേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 - ചട്ടം. 16(2) ലും നിഷ്കർഷിച്ചിട്ടുണ്ട്.

മറ്റ് അപാകതകൾ

1. കളക്ഷൻ തുക രേഖപ്പെടുത്തിയിട്ടുള്ള രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. രസീത് ബുക്കിൽ തീയതി രേഖപ്പെടുത്താതെ ഗുണഭോക്തൃ വിഹിതം പിരിക്കുന്നത് 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-20(2) ന്റെ ലംഘനമാണ്. തീയതി രേഖപ്പെടുത്താതെ രസീത് ബുക്ക് മുഖേനയുള്ള കളക്ഷൻ താത്കാലിക പണാപഹരണത്തിന് വഴിയൊരുക്കും.

2. 9372, 9375 നമ്പർ രസീത് ബുക്കുകളുടെ 12 ലീഫുകൾ കൗണ്ടർ ഫോയിൽ ഉൾപ്പടെ കാരണം രേഖപ്പെടുത്താതെ ക്യാൻസൽ ചെയ്തതായി കാണുന്നു. കെ എഫ് സി വോളിയം I, ആർട്ടിക്കിൾ 336 പ്രകാരം ക്യാൻസൽ ചെയ്യുന്ന രസീതുകൾ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ് .

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 20 (2) (എ),(സി) എന്നിവ പ്രകാരം പണം സ്വീകരിക്കുമ്പോൾ മാനുവൽ രസീതിന്റെ അസൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും പകർപ്പ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. എന്നാൽ പണമടച്ച ഗുണഭോക്താക്കൾക്ക് രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പി നൽകിയിട്ടില്ല.

4. 13.10.2023 തീയതിൽ 20,972/- രൂപ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കിയത് രസീത് പ്രകാരമല്ല. ടി തുക ഗുണഭോക്താക്കൾക്ക് രസീത് നൽകാതെ നേരിട്ട് പിരിച്ച് അടവാക്കുകയാണുണ്ടായത്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 20, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(1) എന്നിവ പ്രകാരം വിവിധ മാർഗ്ഗങ്ങളിലൂടെ സർക്കാരിന് ലഭിക്കാനുള്ള ഏതെങ്കിലും തുക ലഭിച്ച് കഴിഞ്ഞാൽ ലഭിച്ച തുകയ്ക്ക് രസീതി നൽകേണ്ടതാണ്.

5. കേരള ട്രഷറി കോഡ് വോള്യം I, ആർട്ടിക്കിൾ 90 (ബി) യിലെ കുറിപ്പ് 2 പ്രകാരം ഓരോ രസീതി ബുക്കിലെയും ഫ്ളൈ - ലീഫിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ജീവനക്കാരന് ഇഷ്യൂ ചെയ്ത ചെയ്ത 13 രസീത് ബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തിയിരുന്നില്ല.

ഓഡിറ്റ് എൻക്വയറി (നം. 32/12.10.2023) നല്കിയതിനെത്തുടർന്ന് 1230102084/12.10.2023 നമ്പർ രസീത് പ്രകാരം 12.10.2023 തീയതിയിൽ 38,710/- രൂപയും 1230102108/13.10.2023 നമ്പർ രസീത് പ്രകാരം 13.10.2023 തീയതിൽ 20,972/- രൂപയും പഞ്ചായത്തിൽ അടവാക്കി. 2022 - 23 വർഷത്തിൽ എല്ലാ വാർഡുകളിൽ നിന്നും ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാൻ സാധിക്കാതിരുന്നതിനാലാണ് 2022-23 വർഷത്തിൽ ആയത് പിരിച്ച് അടവാക്കിയതെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുള്ളത്.

സർക്കാരിന് ലഭ്യമാകുന്ന തുകകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുവാൻ ബാധകമായ നിയമ വ്യവസ്ഥകളെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് പരിജ്ഞാനം ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഈടാക്കുന്ന തുകകൾ വരവ് വെക്കുന്നതിലും ആയത് പഞ്ചായത്തിൽ അടവാക്കുന്നതിലും വി ഇ ഒ – യ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്.

## 1-27 നിക്ഷേപങ്ങൾ മുതൽ കൂട്ടുന്നില്ല

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം 16.57 ലക്ഷം രൂപയുടെ നിക്ഷേപങ്ങൾ പഞ്ചായത്തിന് ബാധ്യതയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത നിക്ഷേപങ്ങളുടെ ഓരോ ശീർഷകത്തിലെയും 01/04/2022 ലെ മുന്നിരിപ്പ് വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, ഒടുക്കിയ കാലയളവ്, ഉദ്ദേശ്യം/പ്രോജക്ട്, പ്രോജക്ട് പൂർത്തിയാക്കിയ തീയതി) ക്യാരി ഓവർ ചെയ്ത് 2022-23 ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്നതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡെപ്പോസിറ്റ് തുകയുടെ കൃത്യത പരിശോധിക്കുവാനായില്ല. നിക്ഷേപങ്ങൾ റീഫണ്ട് ചെയ്യാത്തത് ക്യാരി ഓവർ ചെയ്ത് തൻവർഷത്തെ മുന്നിരിപ്പ് വിശദാംശത്തിൽ നിക്ഷേപ തുകയുടെ ഉദ്ദേശ്യം, പ്രോജക്ട് പൂർത്തീകരണ തീയതി തുടങ്ങിയവ രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 അനുസരിച്ച് ഡെപ്പോസിറ്റ് ചെയ്ത തുക മൂന്ന് സാമ്പത്തിക വർഷങ്ങൾക്കു ശേഷവും തിരികെ നൽകാത്ത സാഹചര്യങ്ങളിൽ അത്തരം ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കുന്നതിനും സർക്കാർ ഫണ്ടിലേക്ക് മുതൽക്കൂട്ടാനും നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രോജക്ട് പൂർത്തീകരണത്തിനു ശേഷം മൂന്നു വർഷത്തിലധികരിച്ച നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാതിരുന്നതിനാലാണ് 16 ലക്ഷത്തിലധികം തുക നിക്ഷേപമിനത്തിൽ പഞ്ചായത്തിന് ബാധ്യതയായത്. നിക്ഷേപങ്ങൾ പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (25/11.10.2023) മറുപടിയായി അപാകതകൾ പരിഹരിച്ച് ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിവിധയിനങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ലഭിച്ചതും തിരികെ നൽകിയതുമായ തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ പ്രത്യേകമായി രേഖപ്പെടുത്തുകയും വർഷാവസാനത്തിലുള്ള ഓരോ ഇനത്തിന്റെയും സംക്ഷിപ്തം, നീക്കിയിരിപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുകയും വേണം. കൂടാതെ ഓരോ വർഷവും തിരികെ നൽകുന്ന ഡെപ്പോസിറ്റുകളുടെ വൗച്ചർ നമ്പർ, ചെക്ക് നമ്പർ, തീയതി എന്നിവയും രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. വാടക ഡെപ്പോസിറ്റുകൾ പോലുള്ളവയൊഴികെ നിയമപരമായി കാലഹരണപ്പെട്ടതായി കണക്കാക്കാവുന്ന മുഴുവൻ ഡെപ്പോസിറ്റ് തുകകളും കമ്മിറ്റി തീരുമാനപ്രകാരം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 രജിസ്റ്ററുകളുടെ പരിപാലനത്തിൽ അപാകത

2022-23 വർഷത്തെ വാർഷിക കണക്കുകളിലെ വിവിധ ആസ്തി-ബാധ്യത ശീർഷകങ്ങളിലെ ഇടപാടുകളുടെ കൃത്യതയും വിശദാംശവും ഉറപ്പാക്കുന്നതിനും ഇടപാടുകൾ നിരീക്ഷിക്കുന്നതിനുമായി സൂക്ഷിക്കുന്ന അടിസ്ഥാനരേഖകളായ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, രേഖപ്പെടുത്തൽ, സാക്ഷ്യപ്പെടുത്തൽ തുടങ്ങിയ നടപടികളിൽ അപാകതകൾ നിലനിൽക്കുന്നു. പ്രസ്തുത അപാകതകൾ നിലനിൽക്കുന്നതിനാൽ വാർഷിക കണക്കുകളിലെ വിവിധ ശീർഷകങ്ങളിലെ ഇടപാടുകളുടെ കൃത്യത ഉറപ്പാക്കുവാനാകുന്നില്ല. രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

| രജിസ്റ്ററിന്റെ പേര് | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത | അപാകത പരിഹരിക്കേണ്ട രീതി/റിമാർക്സ് |
|---|---|---|
| ഡെപ്പോസിറ്റ് രജിസ്റ്റർ | പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുന്ന വിവിധ നിക്ഷേപ തുകകളുടെ വിനിമയം നിരീക്ഷിക്കുന്ന രജിസ്റ്റർ പ്രകാരം വിവിധ ശീർഷകങ്ങളിലെ വർഷാരംഭ മുന്നിരിപ്പിന്റെ | വിവിധ നിക്ഷേപ തുകകളുടെ മുന്നിരിപ്പ് തുക വിശദാംശം (ഒടുക്കിയ വ്യക്തി/ സ്ഥാപനം, ഒടുക്കിയ തീയതി, ഒടുക്കിന്റെ ഉദ്ദേശ്യം/ പ്രോജക്ട്, രശീത് നം.) എഴുതി സൂക്ഷിക്കേണ്ടതാണ്. |

| | | |
|---|---|---|
| | വിശദാംശം മുൻവർഷങ്ങളിൽ തിരികെ നൽകാത്ത തുക, ഒടുക്കിയ വ്യക്തി, ഒടുക്കിയ തീയതി എന്നിവ ക്യാരി ഓവർ ചെയ്തിട്ടില്ല. സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം (മുന്നിരിപ്പ്, തൻവർഷ വരവ്, ആകെ തുക, തിരികെ നൽകിയ തുക/മുതൽക്കൂട്ടിയ തുക, നീക്കിയിരിപ്പ്) തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. |
| അഡ്വാൻസ് രജിസ്റ്റർ | സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം(മുന്നിരിപ്പ്, തൻവർഷം നൽകിയത്, ആകെ, ക്രമീകരിച്ച തുക, നീക്കിയിരിപ്പ്) തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. |
| ആസ്തി രജിസ്റ്റർ | ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള എല്ലാ സുസ്ഥിര ആസ്തികളുടെയും പേര്, ഇനം, മൂല്യം, സ്ഥിതിചെയ്യുന്ന സ്ഥലം, ആസ്തി നമ്പർ എന്നിവ ചേർത്ത് ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. വിവിധ പ്രോജക്ടുകളിലൂടെ ആസ്തിയുടെ മൂല്യം വർദ്ധിക്കുന്നതും കാലപ്പഴക്ക മൂല്യശോഷണവും കൃത്യമായി കാലികമാക്കേണ്ടതാണ്. |
| സ്റ്റോക്ക് രജിസ്റ്റർ | പഞ്ചായത്തിൽ ലഭിക്കുന്ന വിവിധ സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി വിനിമയം ക്രമീകരിക്കേണ്ടതാണ്. | പഞ്ചായത്തിൽ ലഭിക്കുന്ന വിവിധ സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് (പ്രോജക്ട് നമ്പർ, ചെലവഴിച്ച തുക എണ്ണം ലഭിച്ച തീയതി എന്നിവ ഉൾപ്പെടെ) വിനിമയം ക്രമീകരിക്കേണ്ടതാണ്. |
| ലോൺ രജിസ്റ്റർ | ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | ലോൺ സംബന്ധിച്ച ഇടപാടുകളുടെ വിശദാംശം രേഖപ്പെടുത്തി ഇടപാടുകൾ (വരവ്, തിരിച്ചടവ്) നിരീക്ഷിക്കേണ്ടതാണ്. |
| റിക്കവറി രജിസ്റ്റർ | റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിശദാംശം (ഒടുക്കിയ വ്യക്തി, ഒടുക്കിയ ഇനം, തുക, രസീത് നം., തീയതി, ഓഡിറ്റ് റിപ്പോർട്ട് വർഷം, ഒടുക്കിയ വ്യക്തിയുടെ ഉദ്യോഗപ്പേര്) രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. |
| ഡി.സി.ബി. രജിസ്റ്റർ | തൊഴിൽ നികുതി (ട്രേഡർ/സ്ഥാപനം), വാടക, ലൈസൻസ് എന്നീ അക്രുവൽ വരവിനങ്ങളുടെ ഡി.സി.ബി., ഡി.സി.ബി. സംക്ഷിപ്തം എന്നിവ | പഞ്ചായത്തിലെ സ്ഥാപന ട്രേഡർ ലിസ്റ്റ് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പ്രോഗ്രസീവായി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ആകെ തുക കണക്കാക്കി |

| | | |
|---|---|---|
| | തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. രജിസ്റ്ററിൽ സ്ഥാപന/ട്രേഡറുടെ പേര്, വിലാസം, സ്ഥാപനത്തിന്റെ പേര്, വാർഡ്, കെട്ടിട നം. എന്നിവ ചേർക്കേണ്ടതാണ്. |
| കുടിശിക ഡിമാന്റ് രജിസ്റ്റർ | തൊഴിൽ നികുതി(ട്രേഡർ/സ്ഥാപനം), വാടക, ലൈസൻസ് എന്നീ അക്രുവൽ വരവിനങ്ങളുടെ കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | കുടിശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി തുകകളുടെ ഒടുക്ക് രേഖപ്പെടുത്തേണ്ടതാണ്. ദീർഘകാല കുടിശികകളിൻമേൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. |
| സർക്കാർ/മറ്റുള്ളവ ഡ്യൂസ് രജിസ്റ്റർ | GST, Library Cess, Income Tax ഒടുക്ക് നിരീക്ഷിക്കുന്നതിന് സർക്കാർ/മറ്റുള്ളവ ഡ്യൂസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | സർക്കാരിലേക്കും മറ്റ് ഏജൻസികളിലേക്കും ഒടുക്കേണ്ട തുകകൾ പഞ്ചായത്തിൽ ബാധ്യതയായി സ്വീകരിക്കുന്നതിന്റെ(GST, Library Cess, Income Tax Etc.) ഒടുക്ക് നിരീക്ഷിക്കുന്നതിന് സർക്കാർ/മറ്റുള്ളവ ഡ്യൂസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. |

പഞ്ചായത്തിന്റെ വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. മേൽവിവരിച്ച എല്ലാ രജിസ്റ്ററുകളും കൃത്യമായ എൻട്രികൾ വരുത്തി 2022-23 വർഷത്തേത് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-29 ഓണം അഡ്വാൻസ് നൽകിയത് -പൂർണ്ണമായും തിരികെ ഈടാക്കിയിട്ടില്ല.

എരുമേലി ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബി-18 ഷെഡ്യൂൾ പ്രകാരം 17000 രൂപ ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ ഇനത്തിൽ തിരികെ ലഭിക്കുവാനുണ്ട്. ടി തുകയിൽ 12000/-രൂപ 2022-23 സാമ്പത്തിക വർഷം ശ്രീമതി രേണുകാദേവി അമ്മാൾ (സെക്രട്ടറി) തിരികെ അടവാക്കുവാനുള്ളതാണ്. 5000/- രൂപ തിരികെ അടയ്ക്കുവാനുള്ളത് ആരാണ് എന്നതു സംബന്ധിച്ച വിവരം ലഭ്യമല്ല. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്തിന് തിരികെ ലഭിക്കുവാനുള്ള 17000/-രൂപ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 1-30 വാട്ടർ ചാർജ് ഇനത്തിൽ ഭീമമായ തുക അടവാക്കുന്നു.

എരുമേലി ഗ്രാമപഞ്ചായത്ത് വാട്ടർ ചാർജ് ഇനത്തിൽ 48000/- രൂപയോളം ശരാശരി അടവാക്കുന്നുണ്ട്. എന്നാൽ വാട്ടർചാർജ് വർദ്ധിപ്പിച്ചതിനാൽ 02/23 മുതൽ 122538 രൂപ നിരക്കിൽ തുക അടവാക്കുന്നുണ്ട്. നിലവിൽ 101 വാട്ടർ ടാപ്പുകളാണ് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നത്. ടി ടാപ്പുകളിൽ ഉപയോഗ ശൂന്യമായവ ഉണ്ടോ എന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഏർപ്പെടുത്തിയ വർദ്ധനവിന് ആനുപാതികമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് എന്ന പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ഭീമമായ തുക വാട്ടർ ചാർജിനത്തിൽ അടവാക്കുന്ന സാഹചര്യത്തിൽ സംയുക്ത പരിശോധന നടത്തി ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൽ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-31 വയോജനക്ഷേമം - മെഡിക്കൽ ക്യാമ്പ് നടത്താതെ മരുന്ന് വാങ്ങി

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം. | വയോജനക്ഷേമം - മെഡിക്കൽ ക്യാമ്പ് (എസ്.സി.പി ) - 39/23 |

| | |
|---|---|
| | വയോജനക്ഷേമം - മെഡിക്കൽ ക്യാമ്പ് (ടി.എസ്.പി ) - 40/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - ആയുർവേദം |
| അടങ്കൽ തുക | 39/23 = 2,00,000/-<br>(വികസന ഫണ്ട് – എസ്.സി.പി)<br>40/23 = 1,00,00/-<br>(വികസന ഫണ്ട് – ടി.എസ്.പി) |
| ചെലവഴിച്ച തുക | 39/23 = 1,75,000/-<br>(വികസന ഫണ്ട് -എസ്.സി.പി)<br>40/23 = 80,000/-<br>(വികസന ഫണ്ട് -ടി.എസ്.പി) |
| ബിൽ നം./രസീത് നം./തീയ്യതി/തുക | 275/05.01.2023 – 1,75,000/-<br>276/05.01.2023 – 80,000/- |

മെഡിക്കൽ ഓഫീസർ - ആയുർവേദം നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകൾക്കായി 2,55,000/- രൂപ ആയുർധാര ഫാർമസി, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. എരുമേലി പഞ്ചായത്തിലെ വയോജനങ്ങളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് എസ്.സി/എസ്.ടി കോളനികളിൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ മെഡിക്കൽ ക്യാമ്പ് നടത്താതെ മുഴുവൻ തുകയും മരുന്ന് വാങ്ങലിനായി ചെലവഴിക്കുകയാണുണ്ടായത്.

2. 2,55,000/- രൂപ മരുന്ന് വാങ്ങലിനായി നൽകിയിട്ടുണ്ടെങ്കിലും മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായില്ല. വിശദാംശം ചുവടെ.

| ക്രമ നം. | ഇൻവോയിസ് നം./ തീയ്യതി | തുക |
|---|---|---|
| 1 | G000412/20.03.2023 | 60,961/- |
| 2 | G000411/20.03.2023 | 1,23,726/- |
| ആകെ | | 1,84,687/- |

1,84,687/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 70,313/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകുവാനുണ്ട്.

3. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 20.03.2023 തീയതിലാണ് മരുന്നുകൾ ലഭ്യമായത്. നാളിതുവരെയും മെഡിക്കൽ ക്യാമ്പ് നടത്തി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി മരുന്ന് വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ വിതരണം ചെയ്യാതെ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്ന മരുന്നുകൾ കാലഹരണപ്പെട്ടു പോകുവാനുള്ള സാധ്യത നിലനിൽക്കുന്നു.

വിഷയത്തിൽ എൻക്വയറി (നം. 04/07.10.2023) നൽകിയതിന് മറുപടിയായി ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ നിന്നും മുഴവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാകാത്തതിനാലാണ് മെഡിക്കൽ ക്യാമ്പ് നടത്തുവാൻ കഴിയാതിരുന്നതെന്നും ഉടൻ തന്നെ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഹോമിയോ ഡോക്ടർ അറിയിച്ചു. ലഭ്യമായ മരുന്നുകൾ കാലഹരണപ്പെട്ട് ഉപയോഗശൂന്യമാകുന്ന സാഹചര്യം ഉണ്ടായാൽ ചെലഴിച്ച തുകയുടെ ബാദ്ധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിർണ്ണയിക്കപ്പെടും. മെഡിക്കൽ ക്യാമ്പ് നടത്തി മരുന്ന് വിതരണം ചെയ്യേണ്ടതും ഇനിയും ലഭ്യമാകുവാനുള്ള മരുന്ന് എത്രയും വേഗം ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മെഡിക്കൽ ക്യാമ്പ് നടത്തി മുഴവൻ തുകയ്ക്കുമുള്ള മരുന്ന് അർഹരായവർക്ക് വിതരണം ചെയ്യുന്നത് വരെ 2,55,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - മുഴവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായില്ല

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം. | ഹോമിയോ ആശുപത്രി മരുന്ന് വാങ്ങൽ – 34/23<br>ഹോമിയോ പ്രതിരോധ മരുന്ന് വാങ്ങൽ – 41/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - ഹോമിയോ |
| അടങ്കൽ തുക | 6,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)<br>(34/23 – 4,00,000 ; 41/23 – 2,00,000) |
| ചെലവഴിച്ച തുക | 6,00,000/- |
| ബിൽ നം./രസീത് നം./തീയ്യതി/തുക | 01/2022-23/03.02.2023 – 4,00,000/-<br>02/2022-23/03.02.2023 – 2,00,000/- |

മെഡിക്കൽ ഓഫീസർ - ഹോമിയോ നിർവ്വഹണം നടത്തിയ രണ്ടു മരുന്ന് വാങ്ങൽ പ്രോജക്ടുകൾക്കായി 6,00,000/- രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഹോംകോയിൽ നിന്നും മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. 2,46,277/- രൂപയ്ക്കുള്ള മരുന്നുകളാണ് ലഭ്യമായത്. വിശദാംശം ചുവടെ.

| ക്രമ നം. | ഇൻവോയിസ് നം./തീയ്യതി | തുക |
|---|---|---|
| 1 | LF – 1031/16.08.2023 | 1,42,352/- |
| 2 | LF – 1167/25.08.2023 | 1,03,925/- |
| ആകെ | | 2,46,277/- |

3,53,723/- രൂപയ്ക്കുള്ള മരുന്നുകൾ ഹോംകോയിൽ നിന്നും ഇനിയും കിട്ടുവാനുണ്ട്. മരുന്ന് ലഭ്യമാക്കുവാനായി സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.2/07.10.2023) മറുപടിയായി മരുന്നുകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഹോംകോയ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്നും ഉടൻ തന്നെ മരുന്നുകൾ ലഭ്യമാക്കുന്നതാണെന്നും ഹോമിയോ ഡോക്ടർ അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ 36/23 - ' ആയുർവേദ ഡിസ്പെൻസറി മരുന്ന് വാങ്ങൽ' പ്രോജക്ടിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി 165764/02.09.2022 നമ്പർ പ്രൊഫോർമ, ട്രെഷറി ബിൽ നമ്പർ 166/13.09.2023 എന്നിവ പ്രകാരം 8,00,000/- രൂപ ഔഷധിക്ക് മുൻകൂർ ആയി നൽകിയിട്ടുണ്ട്. എന്നാൽ ഔഷധിയിൽ നിന്നും ലഭ്യമായ മരുന്നുകളുടെ യഥാർത്ഥ ബില്ലുകൾ പരിശോധിച്ചപ്പോൾ 29694/- രൂപയുടെ മരുന്നുകൾ കൂടി കിട്ടാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊഫോർമ പ്രകാരമുള്ള തുക | നൽകിയ തുക (ജി എസ് ടി ഉൾപ്പടെ) | യഥാർത്ഥ ബിൽ പ്രകാരമുള്ള തുക (ജി എസ് ടി ഉൾപ്പടെ) |
|---|---|---|
| 800000/- | 800000/- | 770306/-<br>ബിൽ നം. 90273828/30.9.22 – 4,59,567/-<br>ബിൽ നം. 90277200/30.10.22 – 2,17,177/-<br>ബിൽ നം. 90281178/30.11.22 – 93,562/- |

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/09.10.2023) മറുപടിയായി ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുവാനായി ഔഷധിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. മരുന്ന് ലഭ്യമാക്കി അറിയിക്കേണ്ടതാണ്. ആയതിനാൽ 383417/- (353723+29694) രൂപയുടെ മരുന്ന് ലഭ്യമാകുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-33 കന്നുകുട്ടി പരിപാലനം പദ്ധതിയിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 204/23, കന്നുകുട്ടി പരിപാലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹46,00,000/-<br>വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | ₹18,25,000/- |
| ബിൽ നം./<br>തീയതി | 21/24.03.2023 -₹7,12,500/-<br>17/23.03.2023 -₹11,,12500/- |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 146 ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്ററിനറി സർജൻ നടപ്പിലാക്കിയ "കന്നുകുട്ടി പരിപാലനം" എന്ന പ്രോജക്റ്റിനായി വികസനഫണ്ട് (പൊതുവിഭാഗം) - ൽ നിന്നും ₹18,25,000/- പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ക്ഷീരകർഷകരുടെ ആറ് മാസത്തിൽ താഴെ പ്രായമുള്ള കന്നുകുട്ടികളെ ഇൻഷ്വർ ചെയ്ത് അവയുടെ പ്രസവം വരെയോ, സബ്സിഡി അവസാനിക്കുന്നതു വരെയോ 50% സബ്സിഡി നിരക്കിൽ എല്ലാമാസവും കാലിത്തീറ്റ നൽകുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും സബ്സിഡി ഇനത്തിൽ 12500/- രൂപയാണ് പരമാവധി അനുവദിക്കുന്ന തുക. ഈ പ്രോജക്റ്റിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നത് ചേനപ്പാടി ക്ഷീരസഹകരണ സംഘം വഴിയാണ്. സംഘത്തിൽ നിന്നും കിടാരികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിരിക്കുന്നത് യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയിൽ നിന്നുമാണ്.

പദ്ധതിയിലുൾപ്പെട്ട ശ്രീമതി സാറാമ്മ ജോൺ, കനകപ്പലം, സജി തോമസ് തോപ്പിൽ എന്നീ ഗുണഭോക്താക്കളുടെ കിടാരികൾ ചത്തുപോയിട്ടുള്ളതായാണ് രേഖകൾ പരിശോധിച്ചപ്പോൾ മനസ്സിലാകുന്നത്. ഇവരുടെ കിടാരികൾക്ക് നാളിതുവരെ 3600/- രൂപ വീതം ആകെ 7200/-രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് വേണ്ടി കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ഒടുക്കിയ തുകയിൽ ആകെ ചെലവഴിച്ചിട്ടുള്ള 7200/- രൂപ കിഴിച്ച് ബാക്കിയുള്ള തുകയായ 17800/- രൂപ തിരികെ സർക്കാരിലേക്ക് ഒടുക്കുന്നതിനായും ഗുണഭോക്താവിന് ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതിനായും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് നം3 തീയതി 7/10/23 മറുപടിയായി ഇൻഷ്വറൻസ് ക്ലെയിം ലഭിക്കാൻ നടപടികൾ സ്വീകരിച്ചതായും കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പദ്ധതി പൂർത്തിയായതിനുശേഷം സർക്കാരിലേയ്ക്ക് ഒടുക്കുന്നതാണെന്നും അറിയച്ചു. മേൽ നടപടികളുടെ പുരോഗതി അറിയിക്കേണ്ടതാണ്. പ്രോജക്റ്റ് കാലാവധി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഒടുക്കിയ തുകയുടെ വിനിയോഗവിവരങ്ങൾ വാങ്ങി ലഭ്യമാക്കേണ്ടതാണ്.

## 1-34 ലൈഫ് മിഷൻ - മുൻകൂറായി തുക കൈപ്പറ്റിയെങ്കിലും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതിയുടെ ഏതാനും ഗുണഭോക്താക്കൾ മുൻകൂറായി തുക കൈപ്പറ്റിയെങ്കിലും ഭവനനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന് ബന്ധപ്പെട്ട രജിസ്റ്ററുകൾ വ്യക്തമാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ഗുണഭോക്താവിന്റെ പേരുവിവരങ്ങൾ | മുൻകൂർ കൈപ്പറ്റിയ തീയതി | മുൻകൂർ തുക | വിഭാഗം |
|---|---|---|---|
| ശ്രീ.സജി.ടി.എസ്, തടത്തിൽ, | 7.7..2022 | 40000 | എസ്.സി |

| | | | |
|---|---|---|---|
| മുക്കൂട്ടുതറ | | | |
| ശ്രീമതി.തങ്കമ്മ വാസു, വലിയ കാലായിൽ, കനകപ്പലം | 20.8.2022 | 40000 | എസ്.സി |
| ശ്രീമതി.റോസ ഔസേഫ്, ഈട്ടിക്കൽ, കനകപ്പലം | 21.3.2022 | 40000 | ജനറൽ |
| ശ്രീമതി.സുനിത.എം.കെ, കൊല്ലമല, എരുമേലി | 10.11.2022 | 40000 | ജനറൽ |
| ശ്രീ.രാജൻ.ടി.കെ, താഴെത്തറക്കൽ, മുക്കൂട്ടുതറ | 10.11.2022 | 40000 | ജനറൽ |
| ശ്രീമതി.ഉഷ രാജൻ, ബിനുഭവൻ, പേരൂത്തോട് | 28.3.2023 | 40000 | ജനറൽ |
| ശ്രീമതി.ത്രേസ്യ.എൻ.സി, പ്ലാങ്കളവില, കനകപ്പലം | 28.3.2023 | 40000 | ജനറൽ |
| ശ്രീമതി.തങ്കമ്മ.പി.കെ, പ്ലാക്കൽ, ചെറുവള്ളി എസ്റ്റേറ്റ് | 10.11.2022 | 40000 | ജനറൽ |
| ശ്രീമതി.ജയ സന്തോഷ്, ഈട്ടിക്കൽ, മുട്ടപ്പള്ളി | 29.3.2023 | 40000 | എസ്.സി |

ഇതു സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം നടത്താത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 1-35 PMAY ഭവനനിർമ്മാണ പദ്ധതി – വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതിയുടെ ഭാഗമായി PMAY ഭവനനിർമ്മാണ പദ്ധതിയുടെ അധികധനസഹായമായി ആകെ 138000/-രൂപ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | വിഭാഗം | തുക | ബിൽ നമ്പർ /തീയതി |
|---|---|---|---|
| 198/23 | ജനറൽ | 70000 | 1.3.2023 |
| 206/23 | എസ്.സി | 68000 | 1.3.2023 |
| ആകെ | | 138000 | |

വിനിയോഗസാക്ഷ്യപത്രം ബ്ലോക്ക് പഞ്ചായത്തിൽനിന്ന് ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതിലേയ്ക്കായി 138000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 295/23 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 4600000/- |
| ചെലവ് | 1425000/- |
| ധനസ്രോതസ് | വികസനഫണ്ട് - എസ്.സി.പി |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 2ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം 13 ഗുണഭോക്താക്കൾ വിവിധ ഗഡുക്കളിലായി ധനസഹായം കൈപ്പറ്റിയെങ്കിലും 12 ഗുണഭോക്താക്കളും മുറിയുടെ നിർമ്മാണം പൂർത്തിയാക്കി അവസാനഗഡു

കൈപ്പറ്റിയിട്ടില്ലെന്ന് ബന്ധപ്പെട്ട രജിസ്റ്റർ വ്യക്തമാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരുവിവരങ്ങൾ | നാളിതുവരെ കൈപ്പറ്റിയ ആകെ ധനസഹായം |
|---|---|---|
| 1. | നിതീഷ്.പി.മധു,പാറയ്ക്കൽ, തുലാപ്പള്ളി | 125000 |
| 2. | പ്രതീഷ്.പി.ടി, പൂതിയോട്ട്, വാഴക്കാല | 125000 |
| 3. | അമ്പിളി സനീഷ്, ചെരുവിൽ, കണമല | 125000 |
| 4. | അലൻ.എ.വിജയൻ, അറഞ്ഞിക്കൽ, പുഞ്ചവയൽ | 125000 |
| 5. | സുമിത്.പി.സോമൻ, പാതിപ്പാറ, ചേനപ്പാടി | 125000 |
| 6. | യധുകൃഷ്ണൻ.ഇ.ആർ, ഈട്ടിക്കാലായിൽ, കണമല | 125000 |
| 7. | സജിബോസ്.കെ.ആർ, കണ്ണംകുളം, എരുമേലി | 100000 |
| 8. | രാജേഷ് കുമാർ.കെ.കെ, വാഴക്കാല, എരുമേലി | 100000 |
| 9. | അശ്വിൻ.കെ.സുരേഷ്, കാവുങ്കൽ, മുട്ടപ്പള്ളി | 125000 |
| 10. | ഐശ്വര്യ.കെ.എസ്, കുന്നുംപുറത്ത്, മൂലക്കയം | 50000 |
| 11. | അഭിഷേക്.കെ.പി, കാരക്കാട്ടുകുന്നേൽ, മുട്ടപ്പള്ളി | 50000 |
| 12. | അംഗന ബാബു, മങ്ങാട്ടുകാവിൽ, കനകപ്പലം | 50000 |
| | ആകെ | 12,25,000/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 31/12.10.23) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. കൂടാതെ, നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതുമാണ്. ഇതിലേയ്ക്കായി 1125000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37 രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല

സെക്രട്ടറി 2022-23 വർഷം നിർവഹിച്ച വിവിധ പ്രോജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ഹാജരാക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്ന് ചെലവഴിച്ച തുകകളുടെ കൃത്യതയും ആധികാരികതയും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഓഡിറ്റിൽ ഹാജരാക്കാത്ത ഫയലുകൾ/ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്നമ്പർ/ പേര് | ഐ.കെ.എം പത്രിക പ്രകാരം ഉള്ള ചെലവ് | ധനകാര്യ സ്രോതസ് | ബിൽ/ചെക്ക് നമ്പർ തീയതി |
|---|---|---|---|---|
| 1. | 58/23 ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രിന്റർ വാങ്ങൽ | 28300 | വികസനഫണ്ട് പൊതുവിഭാഗം | 129/03.08.22 |
| 2. | 183/23 എം.ജി.എൻ.ആർ.ഇ.ജി.എസ് | 166443 | തനതുഫണ്ട് | 5743353/01.01.22 |

| | | | | |
|---|---|---|---|---|
| | ഓഫീസ് കമ്പ്യൂട്ടറും അനുബന്ധസാമഗ്രികളും വാങ്ങൽ | | | |
| ആകെ | | 194743 | | |

സെക്രട്ടറി നിർവഹിച്ച ഏതാനും പ്രോജക്റ്റുകളുടെ ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കിയെങ്കിലും ബന്ധപ്പെട്ട ചെലവുകളുടെ രേഖകൾ പൂർണ്ണമായി ലഭ്യമാക്കുവാൻ സാധിക്കാത്ത സാഹചര്യങ്ങളുമുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ്നമ്പർ/ പേര് | അടങ്കൽ | ഐ.കെ.എം പത്രിക പ്രകാരം ഉള്ള ചെലവ് | ഓഡിറ്റിൽ ഹാജരാക്കാത്ത രേഖകൾ | തുക | ധനകാര്യ സ്രോതസ് | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|---|
| 1. | 351/23 ശബരിമല തീർത്ഥാടനം – അനുബന്ധ അടിയന്തിര പ്രവൃത്തികൾ | 800000 | 554467 | KSRTC ടോയ്ലറ്റ് ക്ലീനിംഗ് | 16940 | ശബരിമല സ്പെഷ്യൽ ഗ്രാന്റ് | 266/23.12.22 |
| | | | | KSRTCടോയ്ലറ്റ് റിപ്പയറിംഗ് | 24155 | | |
| | | | | മാലിന്യപ്ലാന്റിന്റെ പരിസരം വൃത്തിയാക്കൽ | 7150 | | 267/23.12.22 |
| 2. | 352/23 ശബരിമല തീർത്ഥാടനം – ശുചിത്വവും മാലിന്യപരിപാലനവും | 1000000 | 834675 | മാലിന്യനിർമ്മാർജ്ജനം | 76275 | ശബരിമല സ്പെഷ്യൽ ഗ്രാന്റ് | 307/21.01.23 |
| | | | | പ്ലാന്റ് ജോലിക്കാരുടെ കൂലി | 95175 | | 432/01.03.23 |
| ആകെ | | | | | 219695 | | |

മേൽ പ്രസ്താവിച്ച പ്രോജക്റ്റ് ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കുവാൻ നമ്പരായി ഓഡിറ്റ് എൻക്വയറി (നം.38/13.10.23) നൽകിയെങ്കിലും ആയവ ഹാജരാക്കിയില്ല. ആയതിനാൽ 414438/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്റ്റ് ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-38 ചെലവ് വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഐ.എൽ.ജി.എം.എസ്-കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിയുടെ ചെലവ് വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 59/23 |
| അടങ്കൽ | 450000(തനത് ഫണ്ട്) |
| ചെലവ്<br>ആകെ | ബിൽനമ്പർ 11/06.05.22 /337646/-<br>ബിൽ നമ്പർ 116/21.07.22 /6400/-<br>ബിൽനമ്പർ 200/01.11.22/74741/-<br>= 418787 |

ഫയലിൽ ആകെ 241337 രൂപയുടെ ഉപകരണങ്ങൾ വാങ്ങിയതിന്റെ വിവരങ്ങൾ മാത്രമാണുള്ളത് . ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ഇൻവോയ്സ് നമ്പർ | തിയതി | തുക | റിമാർതക്സ് |
|---|---|---|---|---|
| പ്രിങ്ക് മാർക്ക് | 2176 | 22.07.22 | 37718.62 | എപ്സൺ പ്രിന്റർ 2 Nos |
| പ്രിങ്ക് മാർക്ക് | 1981 | 14.07.22 | 37022.38 | എപ്സൺ പ്രിന്റർ 2 Nos |
| യൂണികോം ഇൻഫോട്ടൽ പ്രൈ ലിമിറ്റഡ് | TRD222306040029 | 05.04.22 | 166596 | സ്കാനർ 1 Nos |
| ആകെ | | | 241337 | |

177450 രൂപ(418787-241337)ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (35/12.10.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ 177450 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 മാലിന്യസംസ്കരണം - തരംതിരിക്കാത്ത മാലിന്യം നീക്കം ചെയ്യൽ - നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 293/23 മാലിന്യസംസ്കരണം - തരംതിരിക്കാത്ത മാലിന്യം നീക്കം ചെയ്യൽ |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1300000/- |
| ചെലവ് | 271840/- |
| ധനസ്രോതസ് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യം നീക്കുന്നതുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിയുമായി തർക്കം നിലനിൽക്കുന്നതിനാൽ പ്ലാസ്റ്റിക് വേസ്റ്റ് നീക്കം ചെയ്യുന്നതിന് സാധിക്കാതെ വരികയും രണ്ടുവർഷത്തോളമായി ശേഖരിച്ച പ്ലാസ്ററിക് മാലിന്യങ്ങൾ കവുങ്ങുംകുഴി പ്ലാന്റിൽ നിറഞ്ഞിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംജാതമായി. ഈ സാഹചര്യത്തിൽ നാളുകളായി കുമിഞ്ഞുകൂടിയ മാലിന്യം നീക്കംചെയ്യുന്നതിലേയ്ക്കായി സന്നദ്ധരായ ഏജൻസികളിൽനിന്ന് താല്പര്യപത്രം ക്ഷണിച്ച് അനുയോജ്യരായ ഏജൻസികളുമായി കരാറിലേർപ്പെട്ട് മാലിന്യം നീക്കം ചെയ്യുന്നതിന് ഭരണസമിതി തീരുമാനിച്ചിരുന്നു. (തീരുമാനം നമ്പർ : 5/1/1.7.2022 ) കൂടാതെ, ശബരിമല സീസണിൽ ഉണ്ടാകാൻ സാധ്യതയുള്ള വലിയ അളവിലുള്ള മാലിന്യം, നിലവിലുള്ളത് നീക്കം ചെയ്യാതെ, ശേഖരിക്കാൻ കഴിയുന്നതുമല്ല എന്ന് ഭരണസമിതി വിലയിരുത്തുകയും ചെയ്തു. പ്രസ്തുത ആവശ്യത്തിലേയ്ക്കായി താല്പര്യപത്രം ക്ഷണിച്ചതിൽ ലഭിച്ച അപേക്ഷകളിൽ Green Worms Eco Solutions, കോഴിക്കോട് എന്ന സ്ഥാപനത്തെയാണ് ഭരണസമിതി തെരെഞ്ഞെടുത്ത് ചുമതലപ്പെടുത്തിയത്. (തീരുമാനം നമ്പർ 5/1/25.7.2022)

ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യം തരം തിരിച്ചതിനുശേഷം റീസൈക്കിൾ സാധ്യമാകുന്നവയ്ക്ക് പണം നൽകി കയറ്റി കൊണ്ടുപോയി ശാസ്ത്രീയമായി സംസ്കരിക്കുന്നതാണെന്നും റീസൈക്കിൾ സാധ്യമാകാത്ത മെററീരിയലുകൾ കി.ഗ്രാമിന് 8/-രൂപ നിരക്കിൽ കയറ്റിക്കൊണ്ടുപോയി സംസ്കരിക്കുകയും ചെയ്യുന്നതാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഏജൻസിയെ തെരെഞ്ഞെടുത്തത്. ടി ഏജൻസി റീസൈക്കിൾ

സാധ്യമാകാത്ത മാലിന്യം നീക്കം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആകെ 271840/-രൂപ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

നിലവിൽ ഹരിതകർമ്മസേന ശേഖരിച്ചതും ശേഖരിക്കാനിരിക്കുന്നതുമായ അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 3.8.2022ൽ Green Worms Eco Solutions, കോഴിക്കോട് എന്ന സ്ഥാപനവുമായി സെക്രട്ടറി കരാറിൽ ഏർപ്പെട്ടിരുന്നു. റീസൈക്കിൾ സാധ്യമാകാത്ത ചെരുപ്പ്, ബാഗ്, തുണി, തെർമോകോൾ, മിക്സഡ് പ്ലാസ്റ്റിക് തുടങ്ങിയ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് കി.ഗ്രാമിന് 8രൂപ നിരക്കിൽ ഗ്രാമപഞ്ചായത്ത് സ്ഥാപനത്തിന് നൽകുമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞപ്രകാരം തുക നൽകിയത്. 3.8.2022ലെ കരാർ ഉടമ്പടിയുടെ കാലാവധി ഒരുവർഷം വരെ ആയിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നെങ്കിലും മാലിന്യം നീക്കം ചെയ്യുന്ന ആവൃത്തി (പ്രതിവാരം, പ്രതിമാസം) കരാറിൽ വ്യക്തമാക്കിയിരുന്നില്ല. ഏജൻസി സമർപ്പിച്ച ബിൽ (ഇൻവോയ്സ് നമ്പർ : GW/22-23/PC174/29.8.2022) പ്രകാരം 6.8.2022, 8.8.2022, 10.8.2022, 16.8.2022, 20.8.2022, 26.8.2022 തീയതികളിലായി ആകെ 33980/-കി.ഗ്രം മാലിന്യം മാത്രമാണ് നീക്കം ചെയ്തിട്ടുള്ളത്. അതിനുശേഷം നാളിതുവരെ മാലിന്യം നീക്കം ചെയ്തിട്ടില്ല.

ശേഖരിച്ച് തരംതിരിച്ച റീസൈക്കിൾ സാധ്യമാകുന്ന വസ്തുക്കൾ സ്ഥാപനം സ്വീകരിച്ച് തൂക്കത്തിന് അനുസൃതമായ തുക ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ അക്കൗണ്ടിലേയ്ക്ക് പതിനഞ്ച് ദിവസത്തിനകം കൈമാറുന്നതാണെന്നും കരാറിൽ രേഖപ്പെടുത്തിയ മാർക്കറ്റ് വിലയിൽ വർദ്ധനവ് ഉണ്ടാകുന്ന പ്രകാരം കൂടുതൽ വില നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നെങ്കിലും റീസൈക്കിൾ സാധ്യമാകുന്ന മാലിന്യം ഏജൻസി നീക്കം ചെയ്തില്ല.

കരാർ പ്രകാരം 3.8.2022 മുതൽ 2.8.2023 വരെയുള്ള കാലയളവിൽ മാലിന്യം നീക്കം ചെയ്യുന്നതിന് സ്ഥാപനം ബാധ്യസ്ഥമാണെന്നിരിക്കെ പ്രവൃത്തി നടപ്പാക്കാതിരിക്കുകയും കരാറിലെ വ്യവസ്ഥകൾ ലംഘിക്കുകയും ചെയ്തതിനെ തുടർന്ന് ടി സ്ഥാപനത്തിന് എതിരെ ഗ്രാമപഞ്ചായത്ത് നിയമനടപടികൾ സ്വീകരിച്ചില്ല. ഈ വിഷയത്തിന്മേൽ നമ്പരായി ഓഡിറ്റ് എൻക്വയറി (നം. 33/12.10.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മാലിന്യം നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ കരാറുകൾ തയ്യാറാക്കുമ്പോൾ പഞ്ചായത്തിന്റെ താല്പര്യം പരിരക്ഷിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-40 തുല്യതാപരീക്ഷ – സാക്ഷരതാമിഷന് ഫീസ് അടവാക്കൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 266/23 തുല്യതാപരീക്ഷ – സാക്ഷരതാമിഷന് ഫീസ് അടവാക്കൽ |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 41100/- |
| ചെലവ് | 41100/- |
| ധനസ്രോതസ് | തനത് ഫണ്ട് |
| ചെക്ക് നമ്പർ/ തീയതി | 4822377/23.2.2023 |

സാക്ഷരതാമിഷന്റെ 10, +1 ക്ലാസ്സുകളിലെ തുല്യതാപരീക്ഷയിൽ പങ്കെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, അഡ്മിഷൻ ഫീസ് എന്നീ ഇനങ്ങളിലായി ആകെ 41100/-രൂപ ജില്ലാ സാക്ഷരതാ മിഷന് കൈമാറിയിരുന്നു. എന്നാൽ ഓരോ ക്ലാസ്സിലെയും പഠിതാക്കളുടെ പേരുവിവരങ്ങൾ, രജിസ്ട്രേഷൻ നമ്പർ, അഡ്മിഷൻ നമ്പർ, ഹാജർ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. മേൽ വിവരങ്ങൾ അനുബന്ധരേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കുന്നതിലേയ്ക്കായി ഓഡിറ്റ് എൻക്വയറി (നം. 21/11.10.23) നൽകിയെങ്കിലും ആയവ ഹാജരാക്കിയില്ല. ആയതിനാൽ 41100/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 ചേനപ്പാടി മാവേലിസ്റ്റോർ- അടിസ്ഥാനസൗകര്യമൊരുക്കൽ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 346/23 ചേനപ്പാടി മാവേലിസ്റ്റോർ-അടിസ്ഥാന സൗകര്യമൊരുക്കൽ |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 100000/-വികസനഫണ്ട്<br>50000/-തനത് ഫണ്ട് |
| ചെലവ് | 121395/- 1,00,000/- ബിൽ നം. 30/07.12.22, 21,395/- ചെ. നം. 8822669/21.03.23 |

സ.ഉ.(സാധാ.) 301/2013/ത.സ്വ.ഭ.വ/4.2.2013, സ.ഉ.(സാധാ.) 386/2019/ത.സ്വ.ഭ.വ/22.2.2019 എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രണ്ടാമതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 700ച.അടി വരെ വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിടം 5 വർഷത്തേയ്ക്ക് വാടക രഹിതമായി ലഭ്യമാക്കുന്നതിനും കമ്പ്യൂട്ടറിനും ഫർണ്ണിഷിംഗിനും തുക അനുവദിക്കുന്നതിനും ഉത്തരവായിരുന്നു. കാഞ്ഞിരപ്പള്ളി താലൂക്കിൽ ചേനപ്പാടി എന്ന സ്ഥലത്ത് സപ്ലൈകോയുടെ ഔട്ട്ലെറ്റ് ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ രണ്ടാംവാർഡിൽ സ്ഥിതിചെയ്യുന്നതും ശ്രീ.എബ്രഹാം.വി.എ, ഊട്ടുകളത്തിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 602 നമ്പർ കെട്ടിടം ഇതേ ആവശ്യത്തിലേയ്ക്കായി പ്രതിമാസം 8500/-രൂപ നിരക്കിൽ വാടകയ്ക്ക് എടുക്കുന്നതിന് 13.12.2022ൽ ടിയാനുമായി സെക്രട്ടറി കരാറിൽ ഏർപ്പെടുകയും കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു ലക്ഷം രൂപ സപ്ലൈകോ, കാഞ്ഞിരപ്പള്ളി താലൂക്ക് ഡിപ്പോയ്ക്ക് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ സപ്ലൈകോയ്ക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. കൂടാതെ, ടി കെട്ടിടം സപ്ലൈകോയ്ക്ക് കൈമാറിയതിന്റെ വിശദാംശങ്ങളും ഔട്ട്ലെറ്റ് പ്രവർത്തനക്ഷമമായതിന്റെ വിവരങ്ങളും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

ശ്രീ.എബ്രഹാം.വി.എ എന്നയാളിന് തൻവർഷം 21395 രൂപ ഗ്രാമപഞ്ചായത്ത് കൈമാറിയിട്ടുണ്ടെങ്കിലും ടി തുക ചെലവഴിച്ച ശീർഷകം, കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങളും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച നിലവിലെ അവസ്ഥ ഓഡിറ്റിൽ വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം. 37/13.10.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ടി കെട്ടിടത്തിൽ സപ്ലൈകോയുടെ ഔട്ട്ലെറ്റ് പ്രവർത്തിക്കുന്നതായി എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. എന്നാൽ പ്രസ്തുത ഔട്ട്ലെറ്റ് എന്നുമുതലാണ് പ്രവർത്തനക്ഷമമാക്കിയതെന്നും കെട്ടിട ഉടമസ്ഥന് കൈമാറിയ തുകയുടെ കൃത്യത ഉറപ്പുവരുത്തുവാനും ഗ്രാമപഞ്ചായത്ത് അധികൃതർക്ക് സാധിച്ചിട്ടില്ല. ആയതിനാൽ ടി പ്രോജക്ടിനുവേണ്ടിയുള്ള തൻവർഷത്തെ 121395/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സപ്ലൈകോയ്ക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രവും കെട്ടിട ഉടമയ്ക്ക് നൽകിയ തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-42 ഏജൻസികൾക്ക് തുക കൈമാറിയത് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ 2022-2023 വാർഷികപദ്ധതിയുടെ ഭാഗമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ ഏജൻസികൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ പൂർത്തീകരണവിവരങ്ങൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ/ പേര് | നിർവഹണ ഏജൻസി | ഒടുക്കിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| 1 | 3/23 എസ്.എസ്.കെ വിഹിതം നൽകൽ 2022-23 | എസ്.എസ്.കെ | 562109<br>437891 | 14/07.10.2022<br>52/16.03.2023 |
| 2 | 60/23 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് | കെ.എസ്.ഇ.ബി | 136940 | XVFC/22-23 /P13/22.6.2022 |

| | | | | |
|---|---|---|---|---|
| | -9 | | | |
| 3 | 64/23 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് -11 | | 146910 | XVFC/22-23 /P13/22.6.2022 |
| 4 | 62/23 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് - 14 | | 75000 | XVFC/22-23 /P12/22.6.2022 |
| 5 | 65/23 ഉമികുപ്പ -എരുത്വാപ്പുഴ റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് - 14 | | 68866 | XVFC/22-23 /P16/22.6.2022 |
| 6 | 61/23 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് - 5 | | 109550 | XVFC/22-23 /P15/22.6.2022 |
| 7 | 66/23 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് -10 | | 125232 | XVFC/22-23 /P14/22.6.2022 |
| 8 | 345/23 സാമൂഹ്യസുരക്ഷാമിഷന് വിഹിതം നൽകൽ | സാമൂഹ്യസുരക്ഷാമിഷൻ | 500000 | 30/7.12.2022 |
| | ആകെ | | 2162498 | |

പ്രവൃത്തിയുടെ പൂർത്തീകരണവിവരങ്ങൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ഏജൻസികളിൽനിന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിന് 20/11.10.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ 2162498/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-43 ലൈഫ് ഗാർഡുകൾക്ക് വേതനം നൽകൽ - പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 163/23 ലൈഫ് ഗാർഡുകൾക്ക് വേതനം നൽകൽ |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 450000/- |
| ചെലവ് | 450000/- |
| ധനസ്രോതസ് | ശബരിമല സ്പെഷ്യൽ ഫണ്ട് |

ശബരിമല തീർത്ഥാടനത്തോട് അനുബന്ധിച്ച് അയ്യപ്പൻമാരുടെ സുരക്ഷയെ കരുതി ഗ്രാമപഞ്ചായത്തിലെ വിവിധ കടവുകളിൽ 17.11.2022 മുതൽ 20.1.2023 വരെയുള്ള കാലയളവിൽ ലൈഫ് ഗാർഡുകളെ നിയമിച്ചിരുന്നു. സ.ഉ.(പി)29/2021/ ധനം/11.2.2021 പ്രകാരം ലൈഫ് ഗാർഡായി സേവനമനുഷ്ഠിച്ചവർക്ക് ഭരണസമിതിയുടെ III(1)/12.1.2023 നമ്പർ തീരുമാനപ്രകാരം വേതനം ഇനത്തിൽ പ്രതിദിനം 730/-രൂപ നിരക്കിൽ ആകെ 717180/-രൂ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ലൈഫ് ഗാർഡുകളായി നിയമിതരായ വ്യക്തികളെ ഭരണസമിതി അംഗീകരിച്ചതായി കാണുന്നില്ല. തെരെഞ്ഞെടുക്കപ്പെട്ട ലൈഫ് ഗാർഡുകളെ നിർദ്ദിഷ്ട കടവുകളിൽ പ്രവൃത്തി സമയം നിജപ്പെടുത്തി ജോലിയ്ക്ക് നിയോഗിച്ചതായി ഭരണസമിതി തീരുമാനം എടുത്തിട്ടില്ല. മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്തി വാർഡ് മെമ്പർമാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാണ് ചെയ്തത്. ലൈഫ് ഗാർഡുകൾക്ക് നൽകേണ്ട ആകെ വേതനം

ഇതിലേയ്ക്കായി തയ്യാറാക്കിയ പ്രോജക്ടിന്റെ അടങ്കൽ തുകയിലും അധികമായതിനാൽ വേതനം ഇനത്തിൽ ശബരിമല തീർത്ഥാടനം - അടിയന്തിരപ്രവൃത്തികൾ (351/23) എന്ന പ്രോജക്ടിൽനിന്ന് 214300/-രൂപ ചെലവഴിച്ചിട്ടുണ്ട്. വേതനമിനത്തിൽ പിൻവലിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|
| 1 | 356240 | 4822364/28.1.2023 |
| 2. | 40880 | 8802675/27.3.2023 |
| 4. | 89060 | 4822375/15.2.2023 |
| 5. | 178120 | 4822369/6.2.2023 |
| ആകെ | 664300 | |

ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽമാത്രം ലൈഫ് ഗാർഡുകളെ തെരെഞ്ഞെടുക്കുകയും നിർദ്ദിഷ്ട കടവുകളിൽ വിവിധ ഷിഫ്റ്റുകളിലായി പ്രവൃത്തി സമയം നിജപ്പെടുത്തി ജോലിയ്ക്ക് നിയോഗിക്കുകയും മോണിട്ടറിംഗ് റിപ്പോർട്ടിന്മേൽ സർക്കാർ ഉത്തരവുകൾക്കു വിധേയമായി വേതനം അനുവദിക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. വരുംവർഷങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-44 ടെണ്ടർ നടപടികൾ-അപാകത

പ്രോജക്ട് നമ്പർ 282/23 മാക്കൻ കവല കണമല റോഡ് റികോൺക്രീറ്റിംഗ് (വാർഡ് -14). ടി പദ്ധതി നടപ്പിലാക്കുന്നതിനായി രണ്ടു പേരാണ് ടെണ്ടർ സമർപ്പിച്ചത്. ആയതിൽ ഗിരീഷ് കുമാർ .പി.എം എന്ന വ്യക്തി എസ്റ്റിമേറ്റ് റേറിന്റെ 18%ഉം ശ്രീമതി അനിതാ കുമാരി 10% ഉം അധികരിച്ചാണ് ടെണ്ടർ സമർപ്പിച്ചത്. എന്നാൽ 19.12.2022 ലെ VIII(1)-നമ്പർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ ഗിരീഷ് കുമാർ.പി.എം എന്ന വ്യക്തിക്കാണ് ടെണ്ടർ നൽകിയത്. എസ്റ്റിമേറ്റ് റേറ്റിൽ അധികരിക്കാതെ (ബിൽ നമ്പർ 573/29.03.23)പ്രസ്തുത റോഡ് റീ കോൺക്രീറ്റിംഗ് പൂർത്തിയാക്കിയതിനാൽ അധിക തുക ചെലവഴിച്ചിട്ടില്ല.എന്നാൽ യഥാർത്ഥത്തിൽ ശ്രീമതി അനിതാ കുമാരിക്കാണ് പ്രോജക്ട് നടപ്പിലാക്കുന്നതിന് അനുമതി നൽകേണ്ടിയിരുന്നത്.ടി വ്യക്തിയെ ഒഴിവാക്കി ഗിരീഷ് കുമാർ.പി.എം നെ തെരഞ്ഞെടുക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 16/11.10.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്രീമതി അനിതാ കുമാരിക്ക് പ്രോജക്ട് നടപ്പിലാക്കുന്നതിന് അനുമതി നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-45 മരാമത്ത് പ്രവൃത്തികളിൽ നിന്നും കിഴിവ് ചെയ്ത നികുതികൾ ബന്ധപ്പെട്ട വകുപ്പുകളിൽ അടക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എരുമേലി ബ്രാഞ്ചിലുള്ള 67231744790 നമ്പർ അക്കൗണ്ടിൽ 31.03.23 ൽ 728179 രൂപ നീക്കിയിരിപ്പ് ഉണ്ട്. തനത് ഫണ്ട് ഉപയോഗിച്ചുള്ള വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള നികുതി വിഹിതം (ഐ റ്റി, ജി എസ് ടി, ) അതാത് വകുപ്പുകളിൽ അടവാക്കാതെ സൂക്ഷിച്ചിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ജി എസ് ടി നിയമം വകുപ്പ് 51(2) പ്രകാരം മാസം അവസാനിച്ച് 10 ദിവസത്തിനകം ടിഡി എസ് ആയി

ഈടാക്കിയ തുക സർക്കാരിലേക്ക് ഒടുക്കേണ്ടതും റിട്ടേൺ ഫയൽ ചെയ്യേണ്ടതുമാണ്. കൂടാതെ കിഴിവ് നടത്തിയ വ്യക്തി കരാർതുക കിഴിവിന്റെ നിരക്ക്, കുറവ് ചെയ്ത തുക മുതലായ വിവരം ഉൾപ്പെടുത്തി വിതരണക്കാരന് (Deductee) ടിഡി എസ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണ്. എന്നാൽ ജി എസ് ടി നിയമവും ചട്ടങ്ങളും പാലിക്കാതെ നികുതി തുക അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ഗുരുതരമായ കൃത്യവിലോപമാണ്.

ആദായ നികുതി കരാറുകാരിൽ നിന്നും ഈടാക്കിയത് യഥാസമയം അടവാക്കാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ആദായനികുതി നിയമത്തിലെ വകുപ്പുകളുടെ ലംഘനവും കനത്ത പിഴ ഈടാക്കുന്നതിന് കാരണവുമാണ്.

വർഷങ്ങളായി തനത് ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളിൽ നിന്നും കിഴിവ് ചെയ്ത് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകയുടെ ഇനം തിരിച്ചുള്ള കണക്കും പരിശോധനക്ക് ലഭിച്ചിട്ടില്ല അപാകതകളിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/10.10.23)മറുപടിയായി 15 ദിവസത്തിനുള്ളിൽ അടവാക്കാനുള്ള നികുതി വിഹിതങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തി അടവാക്കുന്നതാണെന്ന് അറിയിച്ചു. സർക്കാരിലേയ്ക്ക് അടവാക്കാനുള്ള നികുതി വിഹിതങ്ങൾ സമയബന്ധിതമായി അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-46 കവുങ്ങുംകുഴി പ്ലാന്റിലെ എൽ.പി.ജി.ശ്മശാനം നാളിതുവരെ ജനങ്ങൾക്ക് ഉപയോഗപ്രദമായില്ല

എരുമേലി ഗ്രാമപഞ്ചായത്തിലെ കവുങ്ങുംകുഴിയിൽ എൽ.പി.ജി.ശ്മശാന നിർമ്മാണത്തിനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് 50,00,000രൂപയും, തനത് ഫണ്ട് 20,00,000 രൂപയുമുൾപ്പടെ ആകെ 70,00,000രൂപ വകയിരുത്തിയിരുന്നു. ശ്മശാനിർമ്മാണ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡ് മുഖാന്തിരമാണ് നടപ്പിലാക്കിയത്. 84/AE/LSGD/EGP 16.1.19 ലെ എഗ്രിമെന്റ് പ്രകാരം 2019-20 മുതൽ ശ്മശാന നിർമ്മാണം ആരംഭിച്ച് 2022-23 ൽ ഫൈനൽ ബിൽ നൽകിയിരുന്നു. ആകെ 65,00,000 രൂപ ശ്മശാന നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. വിവിധ വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്, നം. | ചെലവഴിച്ച തുക | വർഷം |
|---|---|---|
| കവുങ്ങും കുഴി പ്ലാന്റിൽ എൽ.പി.ജി.ശ്മശാനം 271/20 | 1816100 | 2019-20 |
| „ 357/21 | 2522600 | 2020-21 |
| „ 232/22 | 661300 | 2021-22 |
| „ 68/23 | 15,00,000 | 2022-23 |
| ആകെ | 6500,000 | |

28.1.2023ൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 7(1)നമ്പർ തീരുമാന പ്രകാരം ട്രയൽ നടത്തി ശ്മശാനം കൈമാറി നൽകുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ട്രയൽ റൺ നടത്തി ശ്മശാനം ഉപയോഗക്ഷമമാണെന്ന് കണ്ടിട്ടും നാളിതുവരെ ശ്മശാനം ജനങ്ങൾക്ക് തുറന്ന് കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. എൽ.പി.ജി ശ്മശാനം നിലവിൽ പ്രവർത്തന സജ്ജമാണെന്ന് 11.10.2023 ൽ നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായി. ശ്മശാനം പ്രവർത്തന സജ്ജമാക്കൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/11.10.23)മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ ഈ വിവരം അവതരിപ്പിച്ചപ്പോൾ പ്ലാന്റിന് ചില സാങ്കേതിക തകരാറുണ്ടെന്നും, ആയത് എത്രയും വേഗം പരിഹരിയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. എൽ.പി.ജി.ശ്മശാനത്തിന്റെ ചൂള സപ്ലൈ ചെയ്തിരിക്കുന്ന ജ്വാല എന്ന സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതായി ഫയലിൽ നിന്നും വ്യക്തമല്ല. കോസ്റ്റ് ഫോർഡുമായി 25.5.19 ലെ 129/AE/LSGD/EGP കരാർ വ്യവസ്ഥയിലെ ക്രമനം.7 പ്രകാരം എൽ.പി.ജി.ഫർണസ്സിന്റെ വാറന്റി കാലയളവ് ഒരു വർഷവും, കരാർ വ്യവസ്ഥയിലെ ക്രമ നം.8 പ്രകാരം

ഗ്രാമപഞ്ചായത്ത് ഉപകരണങ്ങൾ സപ്ലൈ ചെയ്ത ഏജൻസിയുമായി ആദ്യത്തെ രണ്ട് വർഷത്തേയ്ക്ക് പ്രത്യേക O&M കരാർ ചമയ്ക്കണമെന്നും വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരം ഒരു കരാർ ചമച്ചതായി കാണുന്നില്ല.

പ്ലാന്റിന്റെ സാങ്കേതിക തകരാറുകൾ എത്രയും വേഗം പരിഹരിച്ച്, ബൈലോ തയ്യാറാക്കി ശ്മശാനം പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാൻ വേണ്ട നടപടികൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്. അല്ലാത്തപക്ഷം ടി വിഷയം നിയമസഭയുടെ അക്കൗണ്ട്സ് കമ്മിററിയുടെ പരിഗണനയ്ക്കായി ശുപാർശ ചെയ്യുന്നതാണ്.

## 1-47 കൊടിത്തോട്ടം പ്ലാൻ്റിൽ ഇൻസിനറേറ്റർ നിർമ്മാണം പണികൾ പൂർത്തീകരിച്ചിട്ടും പ്രവർത്തന രഹിതം

എരുമേലി ഗ്രാമപഞ്ചായത്ത് കൊടിത്തോട്ടം പ്ലാന്റിൽ ഇൻസിനറേറ്റർ നിർമ്മാണത്തിനായി 32 ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും 83/AE/LSGD/EP Dt 16.1.19 നമ്പരായി അക്രിഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രസ്തുത പ്രോജക്ടിനായി നാളിതുവരെ 1840331/-രൂപ ചെലവഴിച്ചിട്ടുണ്ട് (1575939+264392)

ഇൻസിനറേറ്റർ സംബന്ധമായ ജോലികൾ എല്ലാം പൂർത്തീകരിച്ച് ട്രയൽ റൺ നടത്തിയതായി ഓഡിറ്റ് 11.10.23ൽ നടത്തിയ ഭൗതികപരിശോധനയിൽ വ്യക്തമായി. എന്നാൽ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിന് ജോലിക്കാർക്ക് പരിശീലനം നൽകുകയോ, തകരാർ സംഭവിക്കുകയാണെങ്കിൽ പരിഹരിക്കുന്നതിന് കരാറിൽ ഏർപ്പെടുകയോ ചെയ്തതായി ഫയലിൽ നിന്നും വ്യക്തമല്ല.

ശബരിമല സീസൺ കാലത്ത് എരുമേലിയിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ (ചപ്പുചവറ്, തുണി) സംസ്കരിക്കുന്നതിനായി ഇൻസിനറേറ്റർ എത്രയും വേഗം പ്രവർത്തനക്ഷമമാക്കാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.29/12.10.23)നൽകിയതിന് മറുപടി ഹാജരാക്കിയില്ല. ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ ടി വിഷയം അവതരിപ്പിച്ചപ്പോൾ എത്രയും വേഗം ഇൻസിനറേറ്റർ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. കൊടിത്തോട്ടം പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്റർ എത്രയും വേഗം പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 അധിക വിഭവ സമാഹരണം - അവലോകനം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ മുഖ്യപങ്കുവഹിക്കുന്ന കെട്ടിടനികുതിയിൽ നിന്നും തൻവർഷം ലഭിച്ച വരുമാനം 76,20,984/- രൂപയാണ്. തൊഴിൽ നികുതി ഇനത്തിൽ 11,32,650/- രൂപയും വാടക ഇനത്തിൽ 15,93,300/- രൂപയും ലൈസൻസ് ഫീസ് ഇനത്തിൽ 5,78,400/- രൂപയുമാണ് തൻവർഷ വരവ്. പഞ്ചായത്തുകളിൽ ഉള്ള വീടുകളുടെയും ജനസംഖ്യ അനുപാതത്തിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിച്ചു നൽകുന്ന ജനറൽ പർപ്പസ് ഗ്രാൻഡ് ഇനത്തിൽ 16,451,000/- രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. വർദ്ധിച്ചു വരുന്ന ഭരണ ചെലവുകൾക്ക് ആനുപാതികമായി വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നില്ല. ആയതിനാൽ പഞ്ചായത്തിന് തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. മേൽപരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ

ചുവടെ ചേർക്കുന്നു.

ഭരണസമിതിയുടെ പ്രവർത്തനം

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ 13.09.2023 ലെ IV/1നമ്പർ പ്രകാരം (മേഖല, റോഡുകൾ എന്നിവ സഹിതം) തീരുമാനിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തത് ശ്ലാഘനീയമാണ്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല.
2. ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല.
3. വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ജാഗ്രത പുലർത്തിയില്ല.
4. തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയ വരവിനങ്ങളെ സംബന്ധിച്ച അവലോകന യോഗങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചേർന്നിട്ടുണ്ട്.
5. സർക്കാർ ഉത്തരവ് (കൈ) നമ്പർ 117/2022/LSGD/01.06.2022 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ല.

വസ്തു നികുതി

1. ബജറ്റിലെ പ്രതീക്ഷിത വരവുമായി യഥാർത്ഥ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. കൂടാതെ, ഐ.എൽ.ജി.എം.എസ് വരവ്, സഞ്ചയ വരവ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.
2. 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.
3. റോഡ് മാപ്പ് സംബന്ധിച്ച സർവ്വേ (മേഖല, റോഡുകൾ എന്നിവ സഹിതം) പൂർത്തീകരിച്ചിട്ടുള്ളതും വേരിഫിക്കേഷൻ നടപടികൾ നടന്നു വരുന്നതുമാണ്.
4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഇളവുകൾ മാത്രമേ വസ്തു നികുതി ഇനത്തിൽ നൽകിയിട്ടുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് സഞ്ചയയിൽ ചേർത്ത് ക്രമവത്ക്കരണം നടത്താവുന്ന കെട്ടിടങ്ങൾക്ക് കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി നിയമാനുസൃതമാക്കുന്നതിനും അല്ലാത്തപക്ഷം പൊളിച്ചുനീക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിനു ശേഷം കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണം) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം പോസ്റ്റ് ഒക്യുപൻസി വിവരങ്ങൾ നിരീക്ഷിക്കുന്നില്ല.

തൊഴിൽ നികുതി

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. പഞ്ചായത്തിലെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളെ വാർഷിക കണക്കിലെ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതുമൂലം 2022-23 വർഷം പഞ്ചായത്തിന് ലഭിക്കേണ്ട നികുതി ഇനത്തിലുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.
3. തൊഴിൽ നികുതി അടയ്ക്കാനുള്ള സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഡാറ്റാബേസ് അപൂർണ്ണമാണ്. സിവിൽ കൺസ്ട്രക്ഷൻ സ്ഥാപനങ്ങൾ, കള്ളുഷാപ്പുകൾ, ആധാരം എഴുത്തുസ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ മുതലായ സ്ഥാപനങ്ങളും ഗവ.പ്ലീഡർമാർ, നോട്ടറികൾ ഉൾപ്പെടെയുള്ള അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരും ഡിമാൻഡിൽ ഉൾപ്പെട്ടിട്ടില്ല.
4. സ്ഥാപനങ്ങളിൽനിന്ന് ലഭ്യമായ നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത്.
5. തൊഴിൽ നികുതി രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ

വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

നികുതിയേതര വരവുകൾ

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 643 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 3034 വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്.

പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളുടെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിൽ ഉൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | 10.10.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | സ്പിൽ ഓവർ | 200000 | ലൈഫ് പദ്ധതി -ഭൂരഹിതർക്ക് ഭൂമി വാങ്ങൽ -ജനറൽ (115/23) | 200000 | 0 |
| | 2022-23 | 2492200 | ലൈഫ് ഭവന നിർമ്മാണം - | 2492200 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ജനറൽ (168/23) | | |
| | സ്പിൽ ഓവർ | 460000 | ലൈഫ് ഭവന നിർമ്മാണം - എസ് സി പി (119/23) | 460000 | 0 |
| | 2022-23 | 3585960 | ലൈഫ് ഭവന നിർമ്മാണം - എസ് സി (193/23) | 3585960 | 0 |
| | സ്പിൽ ഓവർ | 930200 | ലൈഫ് ഭവന നിർമ്മാണം - ടി എസ് പി (131/23) | 930200 | 0 |
| | 2022-23 | 200000 | ശാരീരിക മാനസിക സ്കോളർഷിപ്പ് (217/23) | 200000 | 0 |
| ആകെ | | 7868360 | ജില്ലാ പഞ്ചായത്ത് വിഹിതം | 7868360 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | ലൈഫ് പദ്ധതി -ഭൂരഹിതർക്ക് ഭൂമി വാങ്ങൽ -ജനറൽ (115/23) | 200000 | 0 |
| | സ്പിൽ ഓവർ | 980000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി ജനറൽ (114/23) | 980000 | 0 |
| | 2022-23 | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (179/23) | 500000 | 0 |
| | 2022-23 | 3128768 | ലൈഫ് ഭവന നിർമ്മാണം - ജനറൽ (168/23) | 3128768 | 0 |
| | 2022-23 | 384022 | ശാരീരിക മാനസിക സ്കോളർഷിപ്പ് (217/23) | 384022 | 0 |
| | 2022-23 | 3600000 | ലൈഫ് ഭവന നിർമ്മാണം - എസ് സി (193/23) | 3600000 | 0 |
| | 2022-23 | 299200 | ലൈഫ് ഭവന നിർമ്മാണം - ടി എസ് പി (131/23) | 299200 | 0 |
| | 2022-23 | 400000 | അങ്കണവാടി പോഷകാഹാര പരിപാടി(14/23) | 400000 | 0 |
| ആകെ | | 9491990 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 9491990 | 0 |

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് സെക്രട്ടറി നടപ്പാക്കിയ 5 പ്രോജക്ടുകൾ പ്രകാരം കെ.എസ്.ഇ.ബി - ൽ തുക നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വാർഡ് 9 (60/23) | 136940 | 0 | 136940 |
| | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വാർഡ് 5 (61/23) | 109550 | 0 | 109550 |
| | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വാർഡ് 11 (64/23) | 146910 | 0 | 146910 |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വാർഡ് 14 (65/23) | 68866 | 0 | 68866 |
| | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വാർഡ് 10 (66/23) | 125232 | 0 | 125232 |
| | മാക്കൻകവല -കണമല റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വാർഡ് 14 (62/23) | 75000 | 0 | 75000 |
| | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (48/23) | 74437 | 0 | 74437 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി. എഫ്.സി. ലോൺ) | ജി.ഒ (എം.എസ്) 68/2018, 18.05.2018 | 43,00,000/- | 11,665,463/- | 49,07,744/- | -- | 11,057,719/- |

വികസന ഫണ്ടിൽ (General) നിന്നും 26,78,921/- രൂപയും വികസന ഫണ്ട് (SCSP) യിൽ 19,74,143/- രൂപയും വികസന ഫണ്ട് (TSP) യിൽ 2,54,680/- രൂപയും ഉൾപ്പടെ ആകെ 49,07,744/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം പാറത്തോട് ഗ്രാമപഞ്ചായത്തിന് സ്ഥിര നിക്ഷേപങ്ങളില്ല .

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-3-1 | 2016-17 | അനുബന്ധം | തൊഴിൽ നികുതി | |

| | | | | | |
|---|---|---|---|---|---|
| | 2-3-2 | | -5 | | |
| 2015 പ്രവർത്തന ക്ഷമത റിപ്പോർട്ട് | 4-ഇ | 2015-16 | 3-7-1 | എസ്.സി./എസ്.ടി. കർമ്മസമിതി നിർദ്ദേശം പാലിച്ച് പദ്ധതി നിർവ്വഹണം നടത്തുന്നില്ല | |
| 2010-11 | - | 2012-13 | 2-8, പേജ് 30 | -തൊഴിൽ പരിശീലന പദ്ധതികൾ (തുടർസാക്ഷരത അവലോകനം) | |
| 2011-12 | - | 2011-12 | - | കാർഷിക പദ്ധതികളും കൃഷിഭവനും – പ്രവർത്തനാ വലോകനം | |
| 2013-14 | - | 2014-15 | 4-1-2 | ആധുനിക അറവുശാല നിർമ്മാണം പൂർത്തീകരിച്ചില്ല | |
| 2012-13 | - | 2014-15 | 4-1-6 | കാർഷിക വിജ്ഞാന കേന്ദ്രം- പണി പൂർത്തീകരിച്ചില്ല | |
| 1997-98 | 28 | 1999 | 3-14(a) | 2.5 ലക്ഷം രൂപയുടെ തിരിച്ചടവ് അവ്യക്തം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1997-98 | 28 | 1999 | 3-14(b) | സെക്രട്ടറി സ്വന്തം നിലയിൽ പണം നൽകിയത് ക്രമവിരുദ്ധം | |
| 1999-00 മുതൽ 2001-02 വരെ | 2-20 | 2004-05 | 2(3) | ജനകീയാസൂത്രണം അവലോകനം തയ്യൽ റെഡിമെയ്ഡ് യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല- 895166 രൂപയുടെ ചെലവ് | |
| 1997-98 | ഖ-I(b) | 1999-2000 ഖ IV | | ജനകീയാസൂത്രണ പദ്ധതി | |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | : | 13,57,92,463 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,55,87,451 |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 2,29,793,441 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 2,23,313,593 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 49,18,298/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 2,55,000/- | ഡോ. ബേനസീർ കെ യു<br>മെഡിക്കൽ ഓഫീസർ - ആയുർവേദം |
| 1-32 | 3,53,723/- | ഡോ. രഞ്ജിത്ത്<br>മെഡിക്കൽ ഓഫീസർ -ഹോമിയോ |
| 1-32 | 29,694/- | ഡോ. ബേനസീർ കെ യു<br>മെഡിക്കൽ ഓഫീസർ - ആയുർവേദം |
| 1-35 | 1,38,000/- | ശ്രീ. ബെന്നി ടി<br>സെക്രട്ടറി |
| 1-36 | 12,25,000/- | ശ്രീ. സന്തോഷ് കുമാർ കെ ദേവ്, വി.ഇ.ഒ |
| 1-37 | 3,86,138/- | ശ്രീ. ബെന്നി ടി, സെക്രട്ടറി |
| 1-37 | 28,300/- | ശ്രീമതി രേണുകാദേവി അമ്മാൾ<br>സെക്രട്ടറി |
| 1-38 | 1,02,709/- | ശ്രീമതി രേണുകാദേവി അമ്മാൾ<br>സെക്രട്ടറി |
| 1-38 | 74,741/- | ശ്രീ. ബെന്നി ടി<br>സെക്രട്ടറി |
| 1-40 | 41,100/- | ശ്രീ. ബെന്നി ടി<br>സെക്രട്ടറി |

| | | |
|---|---|---|
| 1-41 | 1,21,395/- | ശ്രീ. ബെന്നി ടി<br>സെക്രട്ടറി |
| 1-42 | 6,62,498 | ശ്രീമതി രേണുകാദേവി അമ്മാൾ<br>സെക്രട്ടറി |
| 1-42 | 15,00,000/- | ശ്രീ. ബെന്നി ടി<br>സെക്രട്ടറി |
| ആകെ | 49,18,298/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/09/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91,1991-92 | എൽ.എഫ്.കെ.പി-4/895/96/ 09.04.1997/ 15.09.1997 | - |
| 1996-97 (ചെലവ്) | എൽ.എഫ്.കെ.പി-3/382/98/ 19.08.1998/ 26.02.1999 | - |
| 1997-98(ചെലവ്) | എൽ.എഫ്.കെ.പി-4/364/08/ 21.10.2009/15.12.2009 | - |
| 1998-99 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/26/2022/ 01.08.2022 | 13 |
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2018/266/2022/ 01.08.2022 | 04 |
| 2002-03(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/26/2022/ 01.08.2022 | 01 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി9-368/08/ 08.03.2010 | - |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/26/2022/ 01.08.2022 | 05 |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/26/2022/ 01.08.2022 | 04 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/270/2022/ 19.08.2022 | 02 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/271/2022/ 01.08.2022 | 12 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/272/2022/ 19.08.2022 | 05 |
| 2008-09 &2009-10 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/873/2022/ 19.08.2022 | 36 |
| 2010-11 & 2011-12 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/872/2022/ 19.08.2022 | 09 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/87/2022/ 19.08.2022 | 13 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി13/516/16/17.09.2016 | 40 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/87/2022/ 19.08.2022 | 02 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/87/2022/ 19.08.2022 | 04 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/167/2022/ 19.08.2022 | 10 |
| 2017-18(Special) | കെ.എസ്.എ-കെ.ടി.എം.പി2-172/18(19)/ 07.03.2018 | - |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി11/1748/19/ 18.01.2020/ 16.03.2020 | 13 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി11/183/2020/27.04.2020/ 29.05.2020 | 36 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി11/1384/2021/16.05.2022/ 23.05.2022 | 22 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി11/1385/2021/16.05.2022/ 23.05.2022 | 42 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി11/2187/2022/01.12.2022/ 01.12.2022 | 63 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം -കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 21-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Erumely Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Erumely Grama Panchayat for the year 2022-2023

Date: 08/12/2023

Deputy Director
District Office Kottayam
Kerala State Audit Department

**Audit Report appended to the Audit Certificate of Erumely Grama Panchayat for the Year 2022-2023.**

**1.Major Observations**

1. Non Disclosure of Assets-Assets not classified and evaluated and accounted-Asset Register is not updated
2. General Fund Details not maintained. OBRP of asset and liability as on 01.04.2011 not available. Source Data not available for the value of total general fund as on 31/03/2023.

   3. Non disclosure of capital contribution-Opening balance details and fundwise capital contribution of current year are not available.

**2.Other Observations**

1. Ratios on various financial performance as prescribed in accounting rules are not generated and submitted for audit.
2. Secured loan and prepaid expenses does not match in the balance sheet.
3. DCB of all income has not been prepared.
4. Details of amounts adjusted as prior period income/expenses are not available.

5. Provision for arrears in receivables not recorded.
6. Deposit register is not properly prepared.
7. Advance register is not properly prepared.
8. Govt and other dues register is not kept.

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്